# സാമൂഹ്യശാസ്ത്രം

## ടീച്ചർ ടെക്സ്റ്റ്

## സ്റ്റാൻഡേർഡ് VII

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024



1

# മധ്യകാല ഇന്ത്യ

മധ്യകാലഘട്ടത്തിൽ ഡൽഹി കേന്ദ്രമാക്കി ഭരണം നടത്തിയ മുഗൾ രാജവംശത്തെയും, ദക്ഷിണേന്ത്യയിൽ ഹംപി കേന്ദ്രമാക്കി ഭരണം നടത്തിയ വിജയനഗര രാജവംശത്തെയും കുറിച്ചാണ് പാഠഭാഗത്ത് പ്രതിപാദിക്കുന്നത്. ഈ രണ്ടു രാജവംശങ്ങളുടെയും താരതമ്യ പഠനത്തിലൂടെ രാഷ്ട്രത്തിന്റെ സ്വഭാവം, രാഷ്ട്ര നയങ്ങൾ, പരമാധികാര സങ്കല്പം, സാമ്പത്തിക-സാമൂഹിക വ്യവസ്ഥിതി, സാംസ്കാരിക സമന്വയം എന്നിവ പരിചയപ്പെടുത്തുകയും മതസഹിഷ്ണുത, ബഹുസ്വരതയോടുള്ള ബഹുമാനം, ഇന്ത്യൻ സംസ്കാരം വിവിധ സാംസ്കാരിക ധാരകളുടെ സമന്വയമാണെന്നബോധം ഉൾക്കൊണ്ട് പ്രവർത്തിക്കാനുള്ള മനോഭാവവും മൂല്യങ്ങളും കുട്ടികളിൽ വളർത്തിയെടുക്കുക എന്നതാണ് ഈ അധ്യായത്തിന്റെ ലക്ഷ്യം. വ്യത്യസ്ത രാജവംശങ്ങളിലെ രാഷ്ട്രങ്ങളുടെ സ്വഭാവം താരതമ്യം ചെയ്ത് വിശകലനം നടത്തുന്നതിനും ഭൂപടവായന, ഭൂപട വിശകലനം, അപഗ്രഥനം, നിഗമനം, ആശയം വിശദീകരിക്കൽ നിലപാട്, സ്വീകരിക്കൽ തുടങ്ങിയ ശേഷികൾ കുട്ടികളിൽ വികസിപ്പിക്കുന്നതിനും ഈ അധ്യായം വിനിമയം ചെയ്യുന്നതിലൂടെ സാധ്യമാകും.

## പഠനലക്ഷ്യങ്ങൾ

- മുഗൾ രാജവംശത്തിന്റെ രാഷ്ട്രനയങ്ങൾ, സാമൂഹ്യഘടന, ഭൂവുടമവ്യവസ്ഥയുടെ സ്വഭാവം, സാമ്പത്തിക പ്രവർത്തനങ്ങൾ മുതലായവ വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കുന്നതിന്.
- വിജയനഗര രാജവംശത്തിലെ ഭരണസംവിധാനം സാമൂഹിക-സാമ്പത്തിക പുരോഗതി എന്നിവയെ കുറിച്ച് ധാരണ നേടുന്നതിന്.
- മുഗൾ-വിജയനഗര രാജവംശങ്ങളുടെ താരതമ്യ പഠനത്തിലൂടെ മതസഹിഷ്ണുത, രാഷ്ട്ര സ്വഭാവം, ഭരണസംവിധാനം, സാംസ്കാരിക സമന്വയം, ബഹുസ്വരതയോടുള്ള ബഹുമാനം എന്നിവയെക്കുറിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നതിന്.

ഈ മൂന്ന് പഠനലക്ഷ്യങ്ങളുമായി ബന്ധപ്പെട്ടുവരുന്ന ആശയങ്ങളുടെ രൂപീകരണത്തിനായി നടത്തുന്ന പഠനപ്രവർത്തനങ്ങളുടെ ഭാഗമായി രൂപപ്പെടുന്ന പഠനോല്പന്നങ്ങളിൽ പ്രസക്ത മായത് കുട്ടിയുടെ സാമൂഹ്യശാസ്ത്ര നിരീക്ഷണപുസ്തകത്തിലേക്കും പോർട്ട്ഫോളിയോയി ലേക്കും മാറ്റേണ്ടതുണ്ട്. കൂടാതെ ഇതിലെ ആശയങ്ങളുമായി ബന്ധപ്പെട്ട് വരുന്ന ആനുകാലിക സംഭവങ്ങൾ, പുതിയ അറിവുകൾ മുതലായവയും സാമൂഹ്യശാസ്ത്ര നിരീക്ഷണപുസ്തകത്തി ലേക്ക് മാറ്റേണ്ടതാണ്. പഠനോത്സവത്തിലേക്ക് എന്തെല്ലാം കരുതിവെക്കാമെന്നും മുൻകൂട്ടി തന്നെ തീരുമാനിക്കുന്നത് സഹായകമാകും.

ഉൾച്ചേർന്ന വിദ്യാഭ്യാസത്തിൽ ഉൾപ്പെടുന്ന കുട്ടികൾക്ക് അനുയോജ്യമായ അനുരൂപീകരണ ങ്ങളും പഠനതന്ത്രങ്ങളും പഠനോപകരണങ്ങളും ഉപയോഗിക്കണം.

ഉദാ:- വീഡിയോ, ഓഡിയോ, ചിത്രങ്ങൾ, വലിയ ഫോണ്ട് ഉപയോഗിച്ചുള്ള ചാർട്ടുകൾ പ്രസന്റേഷനുകൾ, കുറച്ച് ആശയങ്ങൾ മാത്രം ഉൾപ്പെടുത്തിയുള്ള വായനാകാർഡുകൾ മുത ലായവ.

## യൂണിറ്റ് ഫ്രെയിം

**1: മധ്യകാല ഇന്ത്യ** **സമയം: 12 പിരിയഡ്**

| ആശയങ്ങൾ/ധാരണകൾ | പഠനപ്രവർത്തനങ്ങൾ | പഠനസാമഗ്രികൾ |
|---|---|---|
| മുഗൾ രാജവംശം :<br>രാഷ്ട്രനയങ്ങൾ,<br>സാമൂഹ്യഘടന,<br>ഭൂവുടമവ്യവസ്ഥിതി,<br>സാമ്പത്തിക പ്രവർത്തനങ്ങൾ | അനുഭവക്കുറിപ്പുകൾ, വിവര ണങ്ങൾ, ചിത്രങ്ങൾ എന്നിവ വായിച്ച് വിവരങ്ങൾ ശേഖരിച്ച് അക്ബർ ചക്രവർത്തിയുടെ മത സഹിഷ്ണുത, സൈനിക സമ്പ്രദാ യം, ഭരണരീതി, സാമൂഹ്യ-സാമ്പ ത്തിക സ്ഥിതി, സാമ്പത്തിക പ്രവർത്തനങ്ങൾ തുടങ്ങിയവയെ കുറിച്ച് കുറിപ്പുകൾ, ആക്ടിവിറ്റി കാർഡ് എന്നിവ തയ്യാറാക്കുന്നു.<br>വർക്ക്ഷീറ്റ് പൂർത്തിയാക്കൽ<br>വിവിധ സ്രോതസ്സുകളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് മുഗൾ ഭരണാധികാരികളുടെ ആൽബം നിർമ്മിക്കുന്നു.<br>റിവേഴ്സ് ക്വസ് സംഘടിപ്പിക്കു ന്നു.<br>സൈനിക സമ്പ്രദായം-റോൾപ്ലേ<br>മുഗൾ രാജവംശം വ്യാപിച്ചിരുന്ന പ്രദേശങ്ങൾഭൂപടവായനയിലൂടെ പട്ടികപ്പെടുത്തുന്നു. | പാഠപുസ്തകം<br>ചിത്രങ്ങൾ<br>ഐസിടി<br>മറ്റു പുസ്തകങ്ങൾ<br>ഭൂപടം |

| | | |
|---|---|---|
| വിജയനഗര രാജവംശം :<br>ഭരണസംവിധാനം, സാമൂഹിക-സാമ്പത്തിക പുരോഗതി | ഭൂപടവായന നടത്തിയും പട്ടികകൾ വിശകലനം ചെയ്തും വിവരണങ്ങൾ വായിച്ചും വിജയനഗര ഭരണസംവിധാനം, സാമൂഹിക സാമ്പത്തിക പുരോഗതി എന്നിവയെ കുറിച്ച് ചോദ്യോത്തരപ്പയറ്റ് സംഘടിപ്പിക്കുന്നു. കുറിപ്പുകൾ തയ്യാറാക്കുന്നു. ആശയപടം തയ്യാറാക്കുന്നു. പട്ടിക പൂർത്തിയാക്കുന്നു. | പാഠപുസ്തകം<br>ഭൂപടങ്ങൾ<br>ചിത്രങ്ങൾ<br>പട്ടികകൾ<br>ഐസിടി |
| മുഗൾ-വിജയനഗര രാജവംശങ്ങളിലെ മതസഹിഷ്ണുത, രാഷ്ട്ര സ്വഭാവം, സാംസ്കാരിക സമന്വയം, ബഹുസ്വരതയോടുള്ള ബഹുമാനം | ചിത്രങ്ങൾ, വിവരണങ്ങൾ, അനുഭവക്കുറിപ്പുകൾ, പട്ടികകൾ എന്നിവയിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് നിഗമന കുറിപ്പുകൾ തയ്യാറാക്കുന്നു.<br>സെമിനാർ പേപ്പർ തയ്യാറാക്കുന്നു.<br>ആൽബം തയ്യാറാക്കുന്നു | പാഠപുസ്തകം<br>ചിത്രങ്ങൾ<br>ഐസിടി |

## പാഠഭാഗത്തേക്ക്

നമ്മുടെ രാജ്യത്ത് ഇന്ന് നിലവിലുള്ള കറൻസി നോട്ടുകൾ ഏതൊക്കെ? എന്ന ചോദ്യത്തോടെ ആരംഭിക്കാം. പ്രതികരണത്തിനു ശേഷം നോട്ടുകളുടെ മറുവശം കാണിക്കുന്നു. നമ്മുടെ രാജ്യത്തെ പൈതൃക കേന്ദ്രങ്ങളാണ് കറൻസി നോട്ടുകളുടെ മറുവശത്ത് ആലേഖനം ചെയ്തിട്ടുള്ളത്.

ഏതൊക്കെയാണ് ആ പൈതൃക കേന്ദ്രങ്ങൾ?

കുട്ടികൾ ഊഹം രേഖപ്പെടുത്തട്ടെ.

ഡിജിറ്റൽ പ്രസന്റേഷനിലൂടെയോ, കറൻസി നോട്ടുകൾ കാണിച്ചുകൊണ്ടോ പൈതൃകകേന്ദ്രങ്ങൾ തിരിച്ചറിയാൻ അവസരം നൽകുന്നു. എഴുതിയ പേര് ഊഹവുമായി തട്ടിച്ചു നോക്കുന്നു.

നമ്മുടെ രാജ്യത്ത് 1 രൂപ ഒഴികെയുള്ള കറൻസി നോട്ടുകൾ അച്ചടിച്ചിറക്കാനുള്ള അധികാരം ഇന്ത്യയുടെ കേന്ദ്രബാങ്ക് ആയ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്കാണ്.

നിലവിലുള്ള പുതിയ കറൻസി നോട്ടുകളായ 10, 20, 50,100, 200, 500 എന്നിവയിലുള്ള പൈതൃക കേന്ദ്രങ്ങൾ ലോക പ്രശസ്തമായതും UNESCO പൈതൃക പട്ടികയിൽ ഇടം പിടിച്ചവയുമാണ്.

ഈ സ്മാരകങ്ങൾ ഇന്ത്യയിൽ ഏതൊക്കെ സംസ്ഥാനങ്ങളിലാണ്? സംസ്ഥാനങ്ങളുടെ പേര് എഴുതുക. അവതരണത്തിൽ കൃത്യതവരുത്താൻ ടീച്ചർ ആവശ്യമെങ്കിൽ ഇടപെടണം. തുടർന്ന്

ഇന്ത്യ-സംസ്ഥാനങ്ങളുടെ ഔട്ട്‌ലൈൻ മാപ്പ് (പേര് സൂചിപ്പിക്കാത്തത്) കുട്ടികൾക്ക് വ്യക്തിഗതമായി നൽകണം. ഓരോ സ്മാരകങ്ങളും ഏത് സംസ്ഥാനങ്ങളിലാണെന്ന് അടയാളപ്പെടുത്താൻ നിർദ്ദേശിക്കണം. ഗ്രൂപ്പായി ഇരുന്ന് കൈമാറി വിലയിരുത്തുന്നു. (സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ), ഗ്രൂപ്പ് അവതരണം. (ഗ്രൂപ്പ് വിലയിരുത്തൽ)

| കറൻസി മൂല്യം | പൈതൃകകേന്ദ്രം | സംസ്ഥാനം |
|---|---|---|
| 10 രൂപ | കൊണാർക്കിലെ സൂര്യക്ഷേത്രം | ഒറീസ |
| 20 രൂപ | എല്ലോറ ഗുഹകൾ | മഹാരാഷ്ട്ര |
| 50 രൂപ | ഹംപി | കർണാടകം |
| 100 രൂപ | റാണി കി വാവ് | ഗുജറാത്ത് |
| 200 രൂപ | സാഞ്ചി സ്തൂപം | മധ്യപ്രദേശ് |
| 500 രൂപ | ചെങ്കോട്ട | ഡൽഹി |

ഹംപി, ചെങ്കോട്ട എന്നിവയുടെ സവിശേഷതകൾ ക്ലാസിൽ ചർച്ച ചെയ്യുന്നു. തുടർന്ന് സവിശേഷതകൾ ഉൾപ്പെടുത്തി വായനാകാർഡ് തയ്യാറാക്കുവാൻ നിർദ്ദേശിക്കണം. അവതരണത്തിന് അവസരം നൽകുക. (ഡിജിറ്റൽ വായനാ കാർഡ് വീട്ടിൽ നിന്നും തയ്യാറാക്കി വരാൻ ആവശ്യപ്പെടാവുന്നതാണ്)

രണ്ട് വ്യത്യസ്ത രാജവംശങ്ങളുടെ കാലത്ത് (മുഗൾ ഭരണകാലം, വിജയനഗര രാജവംശം) നിർമ്മിക്കപ്പെട്ടവയാണ് ഇവ. ഒന്ന് ഉത്തരേന്ത്യയിലും മറ്റൊന്ന് ദക്ഷിണേന്ത്യയിലുമാണ്.

| | |
|---|---|
| **ചെങ്കോട്ട** | • 1648ൽ മുഗൾ ഭരണാധികാരിയായ ഷാജഹാന്റെ കാലത്ത് നിർമ്മിച്ചു<br>• യമുന നദി തീരത്ത് സ്ഥിതി ചെയ്യുന്നു<br>• യഥാർത്ഥ പേര് ഖിലാ-ഇ-മുബാറക്ക്<br>• ലാൽഖില എന്ന പേരിൽ അറിയപ്പെടുന്നു<br>• ഇൻഡോ-പേർഷ്യൻ നിർമ്മാണ രീതി<br>• യുനെസ്കോ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തി |
| **ഹംപി** | • വിജയനഗര കാലഘട്ടത്ത് നിർമ്മിച്ചു<br>• ഉത്തര കർണാടകയിലെ ബെല്ലാരി ജില്ലയിൽ<br>• തുംഗഭദ്രാ നദീതീരത്ത് സ്ഥിതി ചെയ്യുന്നു<br>• ദ്രാവിഡ ശൈലിയിൽ നിർമ്മാണം<br>• പ്രസിദ്ധ ശിവക്ഷേത്രമായ വിരൂപാക്ഷ ക്ഷേത്രം ഇവിടെയാണ്<br>• യുനെസ്കോ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തി |

## മുഗൾ ഭരണം

മുഗൾ  രാജാക്കന്മാരുടെ ചിത്രങ്ങൾ ടീച്ചർ പ്രദർശിപ്പിക്കുന്നു

ചിത്രത്തിൽ നൽകിയിരിക്കുന്ന ഭരണകർത്താക്കൾ ആരൊക്കെയാണെന്ന് പറയാമോ?

അതോടൊപ്പം തന്നെ ഈ രാജാക്കന്മാരെ പരിചയപ്പെടുത്താൻ വേണ്ടി ചില സൂചനകൾ നൽകുന്നു.

- മധ്യകാല ഇന്ത്യയിൽ ഭരണം നടത്തിയ രാജാക്കന്മാരാണ്.
- ഈ ഭരണാധികാരികളുടെ കാലത്താണ് ഡൽഹിയിൽ നിരവധി ചരിത്ര സ്മാരകങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുള്ളത്

രാജാക്കന്മാരെ കുറിച്ച് പൂർണ്ണ വിവരങ്ങൾ ലഭിക്കുന്നതിനായി ടീച്ചർ തയ്യാറാക്കിയ പ്രസന്റേഷൻ അവതരിപ്പിക്കുന്നു. അവതരണത്തിനുശേഷം റിവേഴ്സ് ക്വിസ് നടത്താൻ തയ്യാറാകണം എന്ന നിർദ്ദേശത്തോടെയാണ് പ്രസന്റേഷൻ അവതരിപ്പിക്കേണ്ടത്. റിവേഴ്സ് ക്വിസ് വ്യക്തിഗതമായോ ഗ്രൂപ്പുപ്രവർത്തനമായോ ചെയ്യാവുന്നതാണ്. മുഗൾ രാജാക്കന്മാരുടെ ചിത്രങ്ങൾ വിവിധ സ്രോതസ്സുകളിൽ നിന്ന് ശേഖരിച്ച് ലഘുവിവരണത്തോടുകൂടി ആൽബം തയ്യാറാക്കുക എന്നത് തുടർപ്രവർത്തനമായി കുട്ടികൾക്ക് നൽകുക. തയ്യാറാക്കിയ ആൽബം ക്ലാസിൽ അവതരിപ്പിക്കുക. കുട്ടികളുടെ അവതരണം ടീച്ചർ വിലയിരുത്തണം. ആവശ്യമെങ്കിൽ പഠനപിന്തുണ നൽകണം.


പ്രധാന മുഗൾ രാജാക്കന്മാരെക്കുറിച്ചുള്ള സൂചനകൾ.

| | |
|---|---|
| **ബാബർ** (1483 - 1530) | പൂർണ്ണനാമം സഹിറുദ്ദീൻ മുഹമ്മദ്<br>ബാബർ എന്ന പദത്തിന്റെ അർത്ഥം സിംഹം<br>മുഗൾ രാജവംശ സ്ഥാപകൻ<br>ഓർമ്മക്കുറിപ്പ് തുസുക്-ഇ-ബാബറി |
| **ഹുമയൂൺ** (1508 - 1556) | പൂർണ്ണനാമം നാസിർ അൽ-ദിൻ മുഹമ്മദ്<br>ഹുമയൂൺ എന്ന വാക്കിന്റെ അർത്ഥം ഭാഗ്യവാൻ<br>മുഗൾ രാജവംശത്തിലെ രണ്ടാമത്തെ ഭരണാധികാരി |
| **അക്ബർ** (1542 - 1605) | പൂർണ്ണ നാമം അബ്ദുൾ ഫത് ജലാലുദ്ദീൻ മുഹമ്മദ് അക്ബർ<br>അക്ബർ എന്ന പദത്തിന്റെ അർത്ഥം മഹാൻ<br>മുഗൾ വംശത്തിലെ പ്രശസ്തനായ രാജാവ് |
| **ജഹാംഗീർ** (1569 - 1627) | മുഗൾ വംശത്തിലെ നാലാമത്തെ ഭരണാധികാരി<br>മുഴുവൻ പേര് നൂറുദ്ദീൻ സലീം ജഹാംഗീർ<br>ജഹാംഗീർ എന്ന വാക്കിന്റെ അർത്ഥം ലോകജേതാവ്<br>ആത്മകഥ തുസൂക്-ഇ-ജഹാംഗീരി |

| | |
|---|---|
| **നൂർജഹാൻ** (1577 - 1645) | ജഹാംഗീർ ചക്രവർത്തിയുടെ ഭാര്യ<br>മുഗൾ രാജവംശത്തിലെ ഏറ്റവും പ്രശസ്തയായ ഭരണാധികാരി<br>യഥാർത്ഥ പേര് മെഹർ-ഉൻ-നിസ<br>നൂർജഹാൻ എന്ന വാക്കിന്റെ അർത്ഥം ലോകത്തിന്റെ പ്രകാശം |
| **ഷാജഹാൻ** (1592 - 1666) | യഥാർത്ഥ പേര് മിർസ ഷഹാബ്-ഉദ്-ദിൻ-മുഹമ്മദ് ഖുറം<br>ഷാജഹാൻ എന്ന വാക്കിന്റെ അർഥം ലോകത്തിന്റെ രാജാവ്<br>താജ്മഹൽ, ചെങ്കോട്ട, ആഗ്രയിലെ മോത്തി മസ്ജിദ്<br>ലാഹോറിലെ ഷാലിമാർ ഗാർഡൻ എന്നിവ ഇദ്ദേഹത്തിന്റെ ഭരണകാലത്ത് നിർമ്മിക്കപ്പെട്ടവയാണ് |
| **ഔറംഗസീബ്** (1618- 1707) | പൂർണ്ണനാമം മുഹിയുദ്ധീൻ മുഹമ്മദ് ഔറംഗസേബ്<br>ആലംഗീർ<br>മുഗൾ രാജവംശത്തിന്റെ വിസ്തൃതി കൂടുതൽ വ്യാപിപ്പിച്ചു |

ഔറംഗസേബിന്റെ കാലത്തെ മുഗൾ രാജവംശത്തിന്റെ ഭൂപടവും നിലവിലുള്ള ഇന്ത്യയുടെ ഭൂപടവും കുട്ടികളെ പരിചയപ്പെടുത്തുന്നു.

തുടർന്ന് ഇന്നത്തെ ഏതെല്ലാം രാജ്യങ്ങളിൽ മുഗൾ ഭരണം വ്യാപിച്ചിരുന്നു എന്ന് കണ്ടെത്താൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

| ഔറഗസേബിന്റെ കാലത്തെ മുഗൾ രാജവംശത്തിന്റെ ഭൂപടം | ഇന്ത്യയുടെ ഭൂപടം |
|---|---|
|  |  |

- ഇന്ത്യ
- ബംഗ്ലാദേശ്
- അഫ്ഗാനിസ്ഥാൻ
- പാക്കിസ്ഥാൻ

## അക്ബർ

അക്ബർ ചക്രവർത്തിയെ കുറിച്ച് ജെസ്യൂട്ട് പാതിരി പിയറി ജാറിക് നൽകിയ വിവരണം പാഠപുസ്തകത്തിൽ നിന്നും വായിച്ചു മനസ്സിലാക്കാൻ നിർദ്ദേശിക്കുക.

തുടർന്ന് അക്ബർ ചക്രവർത്തിയെ കുറിച്ച് എന്തെല്ലാം കാര്യങ്ങൾ ബോധ്യപ്പെട്ടു? എന്ന ചോദ്യമുന്നയിക്കുന്നു. കുട്ടികൾ എഴുതട്ടെ.

- അക്ബർ അതിശക്തനായ ഭരണാധികാരിയായിരുന്നു
- മതസഹിഷ്ണുത
- തുല്യ പരിഗണന
- തുല്യനീതി

അക്ബർ ചക്രവർത്തിയുടെ മതസഹിഷ്ണുത നയത്തിന്റെ ചരിത്ര തെളിവുകളാണ് ചിത്രം 1.4-ഉം ചിത്രം 1.5-ഉം. ചിത്രങ്ങൾ നിരീക്ഷിച്ചും വിവരണങ്ങൾ വായിച്ചും അക്ബറിന്റെ മതസഹിഷ്ണുതാനയത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കാൻ നിർദേശിക്കുക. ഗ്രൂപ്പ് പ്രവർത്തനമായി ചെയ്യാവുന്നതാണ്. അവതരണ സമയത്ത് ടീച്ചർ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തണം.

- ഇബാദത്ത്ഖാന
- ജസിയ നിർത്തലാക്കിയത്
- ഇതര മതസ്ഥരെ ഭരണത്തിൽ ഉൾപ്പെടുത്തിയത്
- ദിൻ-ഇ-ലാഹി (സുൽഹ്-ഇ-കുൽ ദർശനം)
- രാജസദസ്സിൽ ഉന്നതസ്ഥാനം വഹിച്ചിരുന്നവരിൽ എല്ലാമതവിഭാഗത്തിൽപ്പെട്ടവരും ഉണ്ടായിരുന്നു

എന്നിവ ക്രോഡീകരണത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം

## മുഗൾ സൈന്യം

താഴെ നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ മുഗൾ സൈന്യത്തെക്കുറിച്ച് ക്ലാസിൽ ഗ്രൂപ്പുകളായി റോൾപ്ലേ നടത്തുക. തുടർന്ന് മുഴുവൻ ആശയങ്ങളും ഉൾക്കൊള്ളുന്ന ലഘുവിവരണം തയ്യാറാക്കി അവതരിപ്പിക്കാൻ നിർദ്ദേശിക്കുക. ടീച്ചർ ആവശ്യമായ പഠന പിന്തുണ നൽകണം.

- മാൻസബ്ദാരി സമ്പ്രദായം അക്ബർ നടപ്പിലാക്കി
- മൻസ് സബ് എന്ന അറബി വാക്കിന് പദവി എന്നർത്ഥം
- ഉദ്യോഗസ്ഥന്റെ വേതനം നിർണയിച്ച് പദവി കണക്കാക്കിയിരുന്നു
- ഉദ്യോഗസ്ഥന്റെ കീഴിൽ നിലനിർത്തേണ്ട പടയാളികളുടെയും കുതിരകളുടെയും എണ്ണ ത്തിനു അനുസരിച്ച് പദവി നൽകിയിരുന്നു
- എല്ലാ വിഭാഗങ്ങൾക്കും ഈ സമ്പ്രദായത്തിൽ പരിഗണന നൽകിയിരുന്നു
- സത്-സവാർ എന്നീ രണ്ടു വിഭാഗങ്ങൾ
- സത് ഒരു വ്യക്തിയുടെ സ്ഥാനവും വേതനവും കണക്കാക്കുന്നു
- സവാർ നിലനിർത്തേണ്ട കുതിരകളുടെ എണ്ണത്തെ സൂചിപ്പിക്കുന്നു

## മുഗൾ ഭരണരീതി

മുഗൾ ഭരണകാലത്ത് സ്വീകരിച്ചിരിക്കുന്ന ക്രമീകരണം നിരീക്ഷിക്കാൻ കുട്ടികളോട് ആവശ്യ പ്പെടുക. ഇന്ന് നമ്മുടെ രാജ്യത്ത് ഭരണസൗകര്യത്തിനായി ചില ക്രമീകരണം നടത്തിയിട്ടു ണ്ടല്ലോ. മുഗൾ ഭരണകാലത്ത് ഗ്രാമങ്ങൾ ചേർന്ന് പർഗാനകളും പർഗാനകൾ ചേർന്ന് സർക്കാരുകളും സർക്കാരുകൾ ചേർന്ന് സുബകളുമായി ക്രമീകരിക്കപ്പെട്ടിരുന്നു എന്ന ആശയം കുട്ടികളിലെത്തിക്കണം. അക്ബറിന്റെ ഭരണകാലത്ത് ഏകദേശം 15 സുബകളും ഔറംഗസേ ബിന്റെ ഭരണകാലത്ത് ഏകദേശം 20 സുബകളും ഉണ്ടായിരുന്നു.


മുഗൾ കാലഘട്ടത്തിലെ നീതിന്യായ വിഭാഗത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസിൽ ചർച്ച സംഘടിപ്പിക്കാം.

- പ്രാദേശിക വിഷയങ്ങൾക്ക് പരിഹാരം കണ്ടെത്തിയിരുന്നത് എങ്ങനെ?
- നീതിന്യായ വിഷയത്തിൽ അന്തിമ തീർപ്പ്കല്പച്ചിരുന്നത് ആരാണ്?
- രാജാവിനെ ഭരണകാര്യങ്ങളിൽ സഹായിച്ചിരുന്നത് ആരൊക്കെയാണ്?

തുടങ്ങിയ കാര്യങ്ങൾ ചർച്ചയിൽ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ നമ്മുടെ രാജ്യത്ത് ഇന്നു നിലനിൽക്കുന്ന നീതി നിർവഹണ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കൂടി ചർച്ചയിൽ ഉൾപ്പെ ടുത്താം. നിഷ്പക്ഷമായ നീതി നിർവഹണത്തിനുള്ള സംവിധാനമല്ലേ നമ്മുടെ രാജ്യത്ത് ഇന്ന് നിലവിലുള്ളത്? എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യനീതി ഉറപ്പുവരുത്താൻ ആ സംവിധാന ത്തിനാകുന്നില്ലേ? വിമർശനാത്മകമായി വിലയിരുത്താൻ കുട്ടികളെ സജ്ജരാക്കാം.

## സാമൂഹ്യസാമ്പത്തിക സ്ഥിതി

മുഗൾ ഭരണ കാലത്തെ സാമൂഹിക വ്യവസ്ഥയെ കുറിച്ച് പാഠപുസ്തകത്തിൽ നിന്നും ബോധ്യപ്പെട്ടല്ലോ? ഫ്യൂഡൽ വ്യവസ്ഥിതിയായിരുന്നു നിലനിന്നിരുന്നത് ഫ്യൂഡൽ വ്യവസ്ഥിതി സൂചിപ്പിക്കുന്ന ഒരു ഡയഗ്രം തയ്യാറാക്കാൻ കുട്ടികളെ സഹായിക്കുക.




താഴെ കൊടുത്തിട്ടുള്ള സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികളെ ഗ്രൂപ്പുകൾ ആക്കുക. ഗ്രൂപ്പുകൾ അവർക്ക് കിട്ടിയ സൂചകത്തെ അടിസ്ഥാനമാക്കി ആക്ടിവിറ്റി കാർഡ് തയ്യാറാക്കി അവതരിപ്പിക്കണം. ആക്ടിവിറ്റി കാർഡ് തയ്യാറാക്കുന്നതിനുള്ള സാമഗ്രികൾ ടീച്ചർ ഓരോ ഗ്രൂപ്പിനും നൽകണം. ഗ്രൂപ്പുകൾ ആക്ടിവിറ്റി കാർഡിൽ സൂചകവുമായി ബന്ധമുള്ള ആശയ ങ്ങൾ മാത്രം എഴുതിയാൽ മതിയാകും. ആക്ടിവിറ്റി കാർഡുകൾ തയ്യാറാക്കുന്നതിനായി പാഠ പുസ്തകത്തിലെ മുഗൾ ഭരണ കാലഘട്ടത്തിലെ സാമ്പത്തിക പുരോഗതിയെ കുറിച്ച് റാൽഫ് ഫിച്ച്, അബുൾ ഫസൽ എന്നിവർ രേഖപ്പെടുത്തിയിരിക്കുന്നതും തുടർന്ന് നൽകിയിട്ടുള്ള വിവരണങ്ങളും വായിക്കാൻ നിർദ്ദേശിക്കുക. പൂർത്തിയാക്കിയ ആക്ടിവിറ്റി കാർഡുകൾ ഗ്രൂപ്പു കൾ അവതരിപ്പിക്കട്ടെ. കുട്ടികളുടെ അവതരണ മികവ് ടീച്ചർ വിലയിരുത്തണം. അവതരണ ത്തിനു ശേഷം എല്ലാ ഗ്രൂപ്പുകളുടെയും ആക്ടിവിറ്റി കാർഡുകൾ ക്ലാസിൽ പ്രദർശിപ്പിക്കണം.

## സൂചകങ്ങൾ

- സാമൂഹ്യവസ്ഥ
- ജനജീവിതം
- സാമ്പത്തിക പുരോഗതി
- കാർഷിക പുരോഗതി
- കച്ചവടവും നഗരവൽക്കരണവും

എല്ലാ കുട്ടികളിലും ആശയരൂപീകരണം നടന്നിട്ടുണ്ടോ എന്നറിയാൻ താഴെ കൊടുത്തിട്ടുള്ള വർക്ക്ഷീറ്റ് ഉപയോഗപ്പെടുത്തുക. (വ്യക്തിഗതം)

പൂർത്തിയാക്കിയ വർക്ക്ഷീറ്റ് കുട്ടികൾ കൈമാറി വിലയിരുത്തുന്നതിനുള്ള അവസരം നൽകുക.

| | |
|---|---|
| മുഗൾ ഭരണകാലത്തെ ഏറ്റവും പ്രധാനപ്പെട്ട നഗരങ്ങൾ ഏതെല്ലാം? | |
| സാമ്പത്തിക പുരോഗതിയുടെ അടിസ്ഥാന കാരണം എന്തായിരുന്നു? | |
| പ്രധാന കാർഷിക വിളകൾ ഏതെല്ലാം? | |
| ഐൻ-ഇ-അക്ബരി രചിച്ചതാര്? | |
| കാർഷിക മേഖലയുടെ പുരോഗതിക്ക് കാരണങ്ങൾ എന്തെല്ലാം? | |
| ഇന്ത്യയിലെ അക്കാലത്തെ വിദേശ വ്യാപാരത്തിന്റെ കേന്ദ്രം ഏതായിരുന്നു? | |

മുഗൾ ഭരണകാലത്തെ പ്രശസ്തമായ ചില നഗരങ്ങളെക്കുറിച്ച് പാഠപുസ്തകത്തിൽ നിന്നും അറിയാൻ സാധിച്ചല്ലോ? ഇന്ന് ഈ നഗരങ്ങൾ ഏതെല്ലാം രാജ്യങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു എന്ന് അറ്റ്ലസിലെ ഏഷ്യാവൻകരയുടെ രാഷ്ട്രീയഭൂപടം ഉപയോഗിച്ച് കണ്ടെത്താൻ കുട്ടികളെ സഹായിക്കുക.

| നഗരങ്ങൾ | ഉൾപ്പെട്ടിട്ടുള്ള രാജ്യങ്ങൾ |
|---|---|
| ധാക്ക | ബംഗ്ലാദേശ് |
| മുർഷിദാബാദ് | ഇന്ത്യ |
| ലാഹോർ | പാക്കിസ്ഥാൻ |
| സൂറത്ത് | ഇന്ത്യ |
| ആഗ്ര | ഇന്ത്യ |

## സാംസ്കാരിക സമന്വയം

- നിർമ്മിതികൾ
- ഭാഷ
- സംഗീതം

ഇവ ഓരോന്നും ഓരോ ലോട്ടുകളിലെഴുതി മേശപ്പുറത്ത് വെയ്ക്കുക. ക്ലാസിലെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ലോട്ടുകൾ വേണം. കുട്ടികളോട് അവയിൽ ഇഷ്ടമുള്ള ഒരു ലോട്ട് എടുക്കാൻ പറയുക. ടീച്ചർ 3 ചാർട്ടുകൾ ചുമരിൽ ഒട്ടിക്കണം. ഒന്നിൽ നിർമ്മിതികൾ, രണ്ടാമത്തെതിൽ ഭാഷ മൂന്നാമത്തെതിൽ സംഗീതം എന്നിങ്ങനെ തലക്കെട്ടുകൾ എഴുതണം. ലോട്ടുകൾ കിട്ടിയവർ പാഠപുസ്തത്തിലെ സാംസ്കാരിക സമന്വയം എന്ന ഭാഗം വായിച്ച് ലോട്ടിലെ വിഷയവുമായി ബന്ധമുള്ള ആശയങ്ങൾ പേപ്പറിൽ എഴുതി ബന്ധപ്പെട്ട ചാർട്ടിൽ ഒട്ടിക്കണം. ഒരേ ആശയങ്ങൾ ഒന്നിലേറെ കുട്ടികൾ എഴുതി ഒട്ടിച്ചിട്ടുണ്ടാകും. പൂർത്തിയായ ചാർട്ട് കുട്ടികൾ പരിശോധിക്കുന്നത് സ്വയം വിലയിരുതലിനും പരസ്പര വിലയിരുത്തലിനും സഹായകമാകും. ഹിന്ദുസ്ഥാനി സംഗീതം കേൾപ്പിക്കാവുന്നതാണ് കൂടാതെ സ്കൂളിൽ പഠിപ്പിക്കുന്ന ഉറുദു ഭാഷയെ കുറിച്ചും സൂചിപ്പിക്കാവുന്നതാണ്.


താഴെപ്പറയുന്ന ആശയങ്ങൾ നൽകിക്കൊണ്ട് സാംസ്കാരിക സമന്വയം എന്ന ഭാഗം ക്രോഡീകരിക്കേണ്ടതാണ്.

- മഹാഭാരതത്തിന്റെ പേർഷ്യൻ ഭാഷയിലേക്കുള്ള വിവർത്തനം മുഗൾഭരണ കാലത്തായിരുന്നു
- ഉറുദു ഭാഷ രൂപപ്പെട്ടത്
- ഹിന്ദുസ്ഥാനി സംഗീതം
- ഇൻഡോ-പേർഷ്യൻ നിർമ്മാണ ശൈലി

## വിജയനഗര ഭരണം

ഹംപിയുടെ വെർച്ച്വൽ ടൂർ വീഡിയോ പ്രദർശിപ്പിച്ചുകൊണ്ടോ/മുൻപ് ഹംപിയെ കുറിച്ച് തിരിച്ചറിഞ്ഞ കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ടോ വിജയനഗര ഭരണം എന്ന ഭാഗത്തേക്ക് പ്രവേശിക്കാവുന്നതാണ്.

തുടർന്ന് പാഠഭാഗത്ത് നൽകിയിട്ടുള്ള വിവരണം വായിച്ച് ലഘു ചർച്ച നടത്തി കൊണ്ട് വിജയനഗര രാജവംശത്തിന്റെയും ആധുനിക ഇന്ത്യയുടെയും ഭൂപടം നൽകുക. തുടർന്ന് വിജയനഗര രാജവംശം ഇന്നത്തെ ഏതെല്ലാം സംസ്ഥാനങ്ങളിൽ വ്യാപിച്ചിരുന്നു എന്ന് കണ്ടെത്താൻ നിർദേശിക്കുക.

| വിജയനഗര രാജവംശത്തിന്റെ ഭൂപടം | ഇന്ത്യയുടെ ഭൂപടം |
| --- | --- |
|   |   |


കുട്ടികൾ കണ്ടെത്തിയ സംസ്ഥാനങ്ങൾ പട്ടികപ്പെടുത്തുന്നു.

- കർണാടകം
- തെലുങ്കാന
- ആന്ധ്രപ്രദേശ്
- തമിഴ്നാട്

## വിജയനഗര രാജവംശം

| രാജവംശം | രാജാക്കന്മാർ | സവിശേഷതകൾ |
|---|---|---|
| **സംഗമ വംശം** | ഹരിഹരൻ, ബുക്കൻ | സ്ഥാപകർ<br>ഏറ്റവും കൂടുതൽ കാലം രാജ്യം ഭരിച്ചു |
| **സാലുവ വംശം** | നരസിംഹ സാലുവ | സ്ഥാപകൻ<br>ഏറ്റവും കുറച്ചു കാലം ഭരണം നടത്തിയ രാജവംശം |
| **തുളുവ വംശം** | വീര നരസിംഹൻ | സ്ഥാപകൻ |
| | കൃഷ്ണദേവരായർ | പ്രശസ്തനായ ഭരണാധികാരി, അഭിനവ ഭോജൻ, ആന്ധ്ര ഭോജൻ എന്നീ പേരുകളിൽ അറിയപ്പെട്ടു. |
| **അരവിഡു വംശം** | തിരുമല | സ്ഥാപകൻ |
| | വെങ്കട I | പ്രശസ്തനായ ഭരണാധികാരി |

വിജയനഗര രാജാക്കന്മാരെ സംബന്ധിക്കുന്ന ആശയപടം പൂർത്തിയാക്കുക.




## കൃഷ്ണദേവരായർ

വിജയനഗര രാജവംശത്തിലെ ഏറ്റവും പ്രശസ്തനായ ഭരണാധികാരിയെ കുറിച്ച് പോർച്ചുഗീസ് സഞ്ചാരി ബർബോസ രേഖപ്പെടുത്തിയ കുറിപ്പ് വായിക്കാൻ കുട്ടികളോടുനിർദേശിക്കുക. വിവരണത്തിൽ നിന്ന് എന്തെല്ലാം കാര്യങ്ങൾ ബോധ്യപ്പെട്ടു എന്നത് പട്ടികപ്പെടുത്തുക.

- മതസഹിഷ്ണുത
- സ്വാതന്ത്ര്യം
- തുല്യനീതി
- സമത്വം
- തുല്യ പരിഗണന

താഴെ നൽകിയിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ അക്ബറുടെയും കൃഷ്ണദേവരായരുടെയും മതനയം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. ക്ലാസിനെ രണ്ട് ഗ്രൂപ്പുകളാക്കുക. ഒരു ഗ്രൂപ്പ് കൃഷ്ണദേവരായരുടെ മതനയവും രണ്ടാമത്തെ ഗ്രൂപ്പ് അക്ബറുടെ മതനയവും ഓരോ പോയിന്റുകളാക്കി ഒരേ സമയം അവതരിപ്പിക്കട്ടെ.

ടീച്ചറുടെ ക്രോഡീകരണത്തിൽ താഴെ നൽകിയിട്ടുള്ള സൂചനകൾ ഉൾപ്പെടുത്തേണ്ടതാണ്.

- മതസഹിഷ്ണുത
- തുല്യ പരിഗണന
- ബഹുസ്വരതയോടുള്ള ബഹുമാനം
- സുൽഹ്-ഇ-കുൽ (എല്ലാവർക്കും സമാധാനം)

മാൻസബ്ദാരി അമരനായക സമ്പ്രദായങ്ങളുടെ താരതമ്യ പഠനം

മുഗൾ കാലഘട്ടത്തിലെ സൈനിക സംവിധാനത്തെ കുറിച്ചും, വിജയനഗര രാജവംശത്തിലെ സൈനിക സംവിധാനത്തെ കുറിച്ചും ക്ലാസിൽ ചർച്ച നടത്തുന്നു. തുടർന്ന് ഇവ തമ്മിലുള്ള സാമ്യതകൾ പരിശോധിക്കുവാൻ കുട്ടികളോട് നിർദ്ദേശിക്കുന്നു.

പൊതുവിവരങ്ങൾ പട്ടികപ്പെടുത്താൻ കുട്ടികളോട് നിർദ്ദേശിക്കുന്നു. ഈ പ്രവർത്തനത്തിന്റെ അവതരണവും മുകളിലെ പ്രവർത്തനത്തെപ്പോലെ ചെയ്യാവുന്നതാണ്.

| മാൻസബ്ദാരി | അമരനായക |
|---|---|
| മാൻസബ് | അമര |
| മാൻസബ്ദാരിമാർക്ക് ഭൂമി പതിച്ചു നൽകിയിരുന്നു | അമരനായകന്മാർക്ക് ഭൂമിപതിച്ചു നൽകിയിരുന്നു |
| മാൻസബ്ദാർമാർക്ക് നികുതി പിരിക്കാനുള്ള അവകാശം ഉണ്ടായിരുന്നു | അമരനായകന്മാർക്ക് നികുതി പിരിക്കാനുള്ള അവകാശം ഉണ്ടായിരുന്നു |
| മാൻസബ്ദാർമാരുടെ കീഴിൽ കുതിരകളെയും സൈന്യത്തെയും നിലനിർത്തിയിരുന്നു | അമരനായകന്മാരുടെ കീഴിൽ സൈന്യത്തെയും കുതിരകളെയും നിലനിർത്തിയിരുന്നു |
| മാൻസബ്ദാർമാർ രാജാക്കന്മാർക്ക് കരം കൊടുത്തിരുന്നു | അമരനായകന്മാർ രാജാവിന് കരം കൊടുത്തിരുന്നു |

## സാമൂഹ്യ-സാമ്പത്തിക സ്ഥിതി

പാഠപുസ്തകത്തിൽ കൊടുത്തിട്ടുള്ള വിജയനഗര രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തിക സ്ഥിതി, സാംസ്കാരികം എന്നീ ഭാഗങ്ങൾ വായിച്ച് ക്ലാസിൽ ഗ്രൂപ്പുകളായി തിരിഞ്ഞ് ചോദ്യങ്ങൾ തയ്യാറാക്കുകയും ചോദ്യോത്തരപ്പയറ്റ് നടത്തുകയും ചെയ്യുക. ചോദ്യങ്ങൾ തയ്യാറാക്കുന്നതിന് ടീച്ചർ ആവശ്യമായ പഠനപിന്തുണ ഓരോ ഗ്രൂപ്പിലും നൽകണം. പ്രസക്തമായ ചോദ്യങ്ങൾ തയ്യാറാക്കുന്നതിന് ഊന്നൽ നൽകണം.

## ചില ചോദ്യങ്ങൾ

- വിജയ നഗരത്തിലെ ജനങ്ങളുടെ പ്രധാന തൊഴിൽ എന്ത്?
- കൃഷിയുടെ വികസനത്തിന് നടത്തിയ പ്രവർത്തനങ്ങൾ ഏതെല്ലാം?
- വ്യാപാര ബന്ധം ഏതൊക്കെ വിദേശ രാജ്യങ്ങളുമായിട്ടായിരുന്നു?
- രാജ്യത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ എന്തെല്ലാം?
- അന്ന് പ്രാബല്യത്തിൽ ഉണ്ടായിരുന്ന ശില്പരീതി ഏതാണ്?
- വിജയനഗര ശിൽപ്പകലയുടെ പ്രധാന സവിശേഷത എന്തെല്ലാം?
- ഏറ്റവും കൂടുതൽ വികാസം പ്രാപിച്ചത് ഏത് സാഹിത്യമാണ്?

*അധികവായനയ്ക്ക്:* *ദക്ഷിണഭാരത ചരിത്രം, കെ.എ. നീലകണ്ഠശാസ്ത്രി*
*മധ്യകാല ഇന്ത്യ-സതീഷ് ചന്ദ്ര, ഡി സി ബുക്സ്.*
*ഇന്ത്യാചരിത്രം, എ. ശ്രീധരമേനോൻ*

## തുടർ പ്രവർത്തനങ്ങൾ

മുഗൾ-വിജയനഗര രാജവംശങ്ങളുടെ ഭരണ രീതിയെ കുറിച്ച് ക്ലാസിൽ ചർച്ച നടത്തുന്നു. ചർച്ചയിൽ നിന്നും കണ്ടെത്തിയ പൊതു സവിശേഷതകൾ പട്ടികപ്പെടുത്താൻ കുട്ടികളോട് നിർദ്ദേശിക്കുന്നു.

| മുഗൾ ഭരണം | വിജയനഗര ഭരണം |
|---|---|
| രാജവാഴ്ച | രാജവാഴ്ച |
| മാൻസബ്ദാരി | അമരനായക സമ്പ്രദായം |
| മതസഹിഷ്ണുത | മതസഹിഷ്ണുത |
| ഉറുദു ഭാഷയുടെ വികാസം | സംസ്കൃത ഭാഷയുടെ വികാസം |
| ഇൻഡോ പേർഷ്യൻ നിർമ്മാണ ശൈലി | ദ്രാവിഡ നിർമ്മാണ ശൈലി |

തുടർ പ്രവർത്തനങ്ങളിൽ നൽകിയിട്ടുള്ള മറ്റു പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകേണ്ടതാണ്.

## സ്വയം വിലയിരുത്തൽ - കുട്ടിക്ക്

| | പൂർണ്ണമായി | ഭാഗികമായി | ടീച്ചറുടെ സഹായത്താൽ |
|---|---|---|---|
| മുഗൾ രാജവംശത്തിലെ പ്രധാന രാജാക്കന്മാരുടെ പേരുകളും അവർ ഭരണം നടത്തിയിരുന്ന കാലഘട്ടവും എനിക്കറിയാം. | | | |
| മുഗൾ ചക്രവർത്തിയായ അക്ബറുടെ മതസഹിഷ്ണുത, സൈനികനയം, ഭരണരീതി എന്നിവ വിശദീകരിക്കാൻ എനിക്ക് സാധിക്കും. | | | |
| മുഗൾ ചക്രവർത്തിയായ അക്ബർ മതസഹിഷ്ണുതയുള്ള ഭരണാധികാരി ആയിരുന്നെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ സമർഥിക്കാൻ എനിക്ക് കഴിയും. | | | |
| മുഗൾ ഭരണകാലത്ത് നിർമ്മിക്കപ്പെട്ട ചരിത്രസ്മാരകങ്ങൾ ഏതൊക്കെയാണെന്നും അവയുടെ സവിശേഷതകൾ എന്തൊക്കെയാണെന്നും ഞാൻ തിരിച്ചറിഞ്ഞിട്ടുണ്ട്. | | | |
| മുഗൾ രാജഭരണ കാലത്ത് വിവിധ മേഖലകളിൽ സാംസ്കാരിക സമന്വയം ഉണ്ടായിട്ടുണ്ടെന്ന് എനിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. | | | |
| മുഗൾ രാജവംശത്തിന്റെ വ്യാപ്തി ഭൂപട വായനയിലൂടെ കണ്ടെത്തി പറയാൻ എനിക്ക് കഴിയും. | | | |
| മുഗൾ ഭരണകാലത്തെ സാമൂഹ്യ- സാമ്പത്തിക സ്ഥിതി, സാമ്പത്തിക പ്രവർത്തനങ്ങൾ എന്നിവയുടെ സവിശേഷതകൾ ഞാൻ തിരിച്ചറിഞ്ഞിട്ടുണ്ട്. | | | |

## സ്വയം വിലയിരുത്തൽ - ടീച്ചർക്ക്

| | പൂർണ്ണമായി | ഭാഗികമായി | എന്റെ പിന്തുണ യോടെ |
|---|---|---|---|
| മുഗൾ രാജവംശത്തിലെ പ്രധാന രാജാക്കന്മാരുടെ പേരുകളും അവർ ഭരണം നടത്തിയിരുന്ന കാലഘട്ടവും എന്റെ കുട്ടികൾക്കറിയാം. | | | |
| മുഗൾ ചക്രവർത്തിയായ അക്ബറുടെ മത സഹിഷ്ണുത, സൈനികനയം, ഭരണരീതി എന്നിവ വിശദീകരിക്കാൻ എന്റെ കുട്ടികൾക്ക് സാധിക്കും. | | | |
| മുഗൾ ചക്രവർത്തിയായ അക്ബർ മത സഹിഷ്ണുതയുള്ള ഭരണാധികാരി ആയിരുന്നെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ സമർഥിക്കാൻ എന്റെ കുട്ടികൾക്ക് കഴിയും. | | | |
| മുഗൾ ഭരണകാലത്ത് നിർമ്മിക്കപ്പെട്ട ചരിത്രസ്മാരകങ്ങൾ ഏതൊക്കെയാണെന്നും അവയുടെ സവിശേഷതകൾ എന്തൊക്കെയാണെന്നും എന്റെ കുട്ടികൾ തിരിച്ചറിഞ്ഞിട്ടുണ്ട്. | | | |
| മുഗൾ രാജഭരണ കാലത്ത് വിവിധ മേഖലകളിൽ സാംസ്കാരിക സമന്വയം ഉണ്ടായിട്ടുണ്ടെന്ന് എന്റെ കുട്ടികൾക്ക് ബോധ്യപ്പെടുത്തി കൊടുക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. | | | |
| മുഗൾ രാജവംശത്തിന്റെ വ്യാപ്തി ഭൂപട വായനയിലൂടെ കണ്ടെത്തി പറയാൻ എന്റെ കുട്ടികൾ ശേഷി നേടിയിട്ടുണ്ട്. | | | |
| മുഗൾ ഭരണകാലത്തെസാമൂഹ്യ-സാമ്പത്തിക സ്ഥിതി സാമ്പത്തിക പ്രവർത്തനങ്ങൾ എന്നിവയുടെ സവിശേഷതകൾ എന്റെ കുട്ടികൾ തിരിച്ചറിഞ്ഞിട്ടുണ്ട്. | | | |

തുടർന്നുള്ള ആശയങ്ങൾക്കും വിലയിരുത്തൽ ഫോർമാറ്റ് തയ്യാറാക്കുക.



2

# മധ്യകാല ഇന്ത്യ: സാംസ്കാരിക പ്രസ്ഥാനങ്ങൾ

മധ്യകാല ഇന്ത്യയിൽ ഏഴാം നൂറ്റാണ്ട് മുതൽ തമിഴ്നാട്ടിൽ ആരംഭിച്ച് ഇന്ത്യയൊട്ടാകെ വ്യാപിച്ച ഭക്തിപ്രസ്ഥാനത്തെക്കുറിച്ചും, പന്ത്രണ്ടാം നൂറ്റാണ്ടിൽ ഇന്ത്യയിലെത്തിച്ചേർന്ന സൂഫി പ്രസ്ഥാനത്തെക്കുറിച്ചുമാണ് ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നത്. ജനങ്ങൾക്കിടയിൽ സ്നേഹത്തിന്റെയും സഹവർത്തിത്വത്തിന്റെയും സമാധാനത്തിന്റെയും അന്തരീക്ഷം സൃഷ്ടിച്ച ഈ സാംസ്കാരിക പ്രസ്ഥാനങ്ങൾ ഇന്ത്യൻ സമൂഹത്തിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ചുള്ള വിലയിരുത്തലും ഈ അധ്യായത്തിലൂടെ സാധ്യമാക്കുന്നുണ്ട്.

ഈ അധ്യായം വിനിമയം ചെയ്യുന്നതിലൂടെ മതനിരപേക്ഷത, സമത്വം എന്നീ ഭരണഘടനാ മൂല്യങ്ങൾ കുട്ടികളിൽ വളർത്തേണ്ടതാണ്. മതസൗഹാർദം ഉറപ്പാക്കുക വഴി മതസംഘർഷങ്ങളും ഇത്തരം സംഘർഷങ്ങൾക്ക് വഴി തെളിക്കുന്ന സാഹചര്യങ്ങളും ഒഴിവാക്കുക, ശാന്തിയുടെയും സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും സാധ്യതകൾ പരിചയപ്പെടുത്തുക, വ്യത്യസ്ത സാമൂഹ്യ സാംസ്കാരിക പ്രസ്ഥാനങ്ങളിലെ ഐക്യത്തെയും സങ്കലനത്തെയും ബഹുമാനിക്കുക. ബഹുസ്വരത, നാനാത്വത്തിൽ ഏകത്വം, മനുഷ്യന്റെ അന്തസ്സിനോടുള്ള ബഹുമാനം എന്നീ മൂല്യങ്ങളും മനോഭാവങ്ങളും കുട്ടികൾ നേടേണ്ടതാണ്. നിഗമനങ്ങൾ രൂപീകരിക്കൽ, സാമൂഹ്യനിരീക്ഷണം, താരതമ്യം, യുക്തിപരമായ വ്യാഖ്യാനം, നിലപാട് സ്വീകരിക്കൽ എന്നീ പ്രക്രിയാശേഷികൾ ഈ അധ്യായത്തിലൂടെ നേടേണ്ടതുണ്ട്.

വ്യത്യസ്ത ആശയങ്ങളുടെ സാംസ്കാരിക കൂടിച്ചേരലുകൾ തിരിച്ചറിയുന്നതിനും ഈ അധ്യായത്തിലൂടെ സാധ്യമാക്കേണ്ടതാണ്.

## പഠനലക്ഷ്യം

- മധ്യകാല ഇന്ത്യയിലെ ഭക്തിപ്രസ്ഥാനത്തിന്റെ വിവിധ ധാരകളുടെ സവിശേഷതകൾ, പ്രചാരകർ അവരുടെ ആശയങ്ങൾ എന്നിവ തിരിച്ചറിയുന്നതിന്

- സൂഫി പ്രസ്ഥാനത്തിന്റെ സവിശേഷതകൾ തിരിച്ചറിയുന്നതിന്
- ഭക്തി-സൂഫി ആശയങ്ങൾ സമൂഹത്തിൽ ചെലുത്തിയ സ്വാധീനം വിശകലനം ചെയ്ത് വിലയിരുത്തുന്നതിന്

## യൂണിറ്റ് ഫ്രെയിം

**2: മധ്യകാല ഇന്ത്യ: സാംസ്കാരിക പ്രസ്ഥാനങ്ങൾ** **സമയം: 14 പിരിയഡ്**

| ആശയങ്ങൾ/ധാരണകൾ | പഠനപ്രവർത്തനങ്ങൾ | പഠനസാമഗ്രികൾ |
|---|---|---|
| ഭക്തിപ്രസ്ഥാനം<br>ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനം - സവിശേഷതകൾ | ● പ്രവേശക പ്രവർത്തനം- കവിത വായിച്ച് ആശയം കണ്ടെത്തൽ<br>● ചർച്ച (ഭക്തിപ്രസ്ഥാനം)<br>● ടാസ്ക് കാർഡ് പൂർത്തീകരിക്കൽ<br>❖ ഭക്തപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിന് വഴിതെളിച്ച സാഹചര്യങ്ങൾ<br>❖ ഭക്തിപ്രസ്ഥാനത്തിന്റെ സവിശേഷതകൾ<br>❖ ഭക്തിപ്രസ്ഥാനത്തിലെ പ്രധാന കവികളും അവരുടെ രചനകളും<br>● കുറിപ്പ് തയ്യാറാക്കൽ (ദക്ഷിണേന്ത്യൻ ഭക്തി പ്രസ്ഥാനം അന്നത്തെ സാമൂഹ്യ വ്യവസ്ഥയിൽ വരുത്തിയ മാറ്റങ്ങൾ) | പാഠപുസ്തകം, അധ്യാപകസഹായി, റഫറൻസ് പുസ്തകങ്ങൾ<br>ICT |
| ഭക്തിപ്രസ്ഥാനത്തിന്റെ പ്രചാരകർ<br>ബസവണ്ണ | ● സംഭാഷണം തയ്യാറാക്കൽ<br>● പോസ്റ്റർ രചന (ബസവണ്ണയുടെ പ്രവർത്തനങ്ങളും സന്ദേശങ്ങളും) | പാഠപുസ്തകം, അധ്യാപകസഹായി, റഫറൻസ് പുസ്തകങ്ങൾ<br>ICT |
| കബീർ | ● കവിത, കഥ-ആശയം കണ്ടെത്തൽ<br>● റോൾപ്ലേ<br>● ചർച്ച (ജനങ്ങൾക്കിടയിൽ സമത്വചിന്തയും മതസൗഹാർദവും വളർത്തുന്നതിൽ കബീറിന്റെ ആശയങ്ങളുടെ പങ്ക്) | പാഠപുസ്തകം, അധ്യാപകസഹായി, റഫറൻസ് പുസ്തകങ്ങൾ<br>ICT |

| | | |
|---|---|---|
| ഗുരുനാനാക്ക് | • കഥ-ആശയങ്ങൾ കണ്ടെത്തൽ<br>• ലഘുലേഖ തയ്യാറാക്കൽ<br>• കുറിപ്പ് തയ്യാറാക്കൽ (മതസഹിഷ്ണുത, സാർവത്രിക സാഹോദര്യം എന്നീ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് ഗുരുനാനാക്ക് സ്വീകരിച്ച മാർഗങ്ങൾ) | പാഠപുസ്തകം, അധ്യാപകസഹായി, റഫറൻസ് പുസ്തകങ്ങൾ<br>ICT |
| ഭക്തിപ്രസ്ഥാനത്തിലെ സ്ത്രീ സാന്നിധ്യങ്ങൾ | • ചർച്ച (ഭക്തിപ്രസ്ഥാനത്തിന്റെ വളർച്ചയിൽ മീരാബായി, അക്കമഹാദേവി തുടങ്ങിയവരുടെ പങ്ക്) | പാഠപുസ്തകം, അധ്യാപകസഹായി റഫറൻസ് പുസ്തകങ്ങൾ |
| ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങൾ | • ആശയപടം പൂർത്തീകരിക്കൽ (ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങൾ) | പാഠപുസ്തകം റഫറൻസ് പുസ്തകങ്ങൾ |
| സൂഫി പ്രസ്ഥാനം | • ചോദ്യനിർമ്മാണം, ചോദ്യോത്തരപ്പയറ്റ്<br>• ഡിജിറ്റൽ ഫ്ലിപ്പ്ബുക്ക് | പാഠപുസ്തകം, അധ്യാപകസഹായി, റഫറൻസ് പുസ്തകങ്ങൾ<br>ICT |
| പ്രാദേശിക ഭാഷകളുടെ വളർച്ച | • കുറിപ്പ് തയ്യാറാക്കൽ (പ്രാദേശിക ഭാഷകളുടെ വളർച്ചയും ഭക്തിപ്രസ്ഥാനവും) | പാഠപുസ്തകം, അധ്യാപകസഹായി റഫറൻസ് പുസ്തകങ്ങൾ |
| ഭക്തി-സൂഫി ആശയങ്ങളുടെ സ്വാധീനം | • ആശയപടം പൂർത്തിയാക്കൽ (ഭക്തി-സൂഫി ആശയങ്ങളുടെ സ്വാധീനം) | പാഠപുസ്തകം, അധ്യാപകസഹായി റഫറൻസ് പുസ്തകങ്ങൾ |

## പാഠഭാഗത്തേക്ക്

ഭക്തിപ്രസ്ഥാനം പല കാലങ്ങളിലായി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്നു. മധ്യകാല ഇന്ത്യയിൽ ആറാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ബുദ്ധ-ജൈനമതങ്ങൾക്ക് നേരിട്ട തകർച്ചയും ഹിന്ദുമതത്തിൽ ഉണ്ടായ നവീകരണ പ്രവർത്തനങ്ങളും ഭക്തിപ്രസ്ഥാനത്തിന്റെ ആരംഭത്തിന് കാരണമായി. ഏഴാം നൂറ്റാണ്ട് മുതൽ വൈഷ്ണവ-ശൈവ ഭക്തിയിൽ അധിഷ്ഠിതമായ ചിന്താഗതികളാണ് ഉടലെടുത്തത്. ജാതിവ്യവസ്ഥ നിലനിന്നിരുന്നുവെങ്കിലും എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊണ്ടതായിരുന്നു ആദ്യകാല ഭക്തി പ്രസ്ഥാനം. പത്താം നൂറ്റാണ്ടു മുതൽ മധ്യേന്ത്യയിലും തുടർന്ന് ഉത്തരേന്ത്യയിലും ഭക്തിപ്രചാരകർ ജനങ്ങൾക്കിടയിൽ ആശയപ്രചരണങ്ങൾ നടത്തി.

## ദക്ഷിണേന്ത്യൻ ഭക്തി പ്രസ്ഥാനം

ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും അധിഷ്ഠിതമായിരുന്ന മതചിന്തകളിൽ നിന്നും വ്യത്യസ്തമായി വ്യക്തിപരമായി ദൈവത്തോടുള്ള സ്വയം സമർപ്പണം എന്ന നിലയിലാണ് ദക്ഷിണേന്ത്യയിൽ ഭക്തിപ്രസ്ഥാനം ഉടലെടുത്തത്. ഇഷ്ട ദൈവത്തോടുള്ള സ്വയം സമർപ്പണത്തിനായി ഭക്തകവികൾ ഉയർന്നുവരികയും അവരുടെ രചനകളിൽ ആകൃഷ്ടരായി ഭക്തരുടെ ഒരു സമൂഹം രൂപപ്പെടുകയും ചെയ്തു. ജാതിവ്യവസ്ഥ മൂലം സമൂഹത്തിൽ നിന്ന് അകറ്റിനിർത്തപ്പെട്ടിരുന്ന ജനവിഭാഗങ്ങൾക്കും സ്ത്രീകൾക്കും ആരാധനയ്ക്ക് അവസരം ലഭിച്ചു എന്നതാണ് ഭക്തി പ്രസ്ഥാനത്തിന്റെ സവിശേഷത. സമത്വത്തിൽ അധിഷ്ഠിതമായതും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും പങ്കാളിത്തം ലഭിക്കുന്നതുമായ കാഴ്ചപ്പാട് രൂപീകരിക്കാൻ ഇതിലൂടെ സാധിച്ചു.

## കുലശേഖര ആഴ്വാർ

ദക്ഷിണേന്ത്യയിലെ വൈഷ്ണവ ഭക്തിപ്രസ്ഥാനത്തിലെ പന്ത്രണ്ട് ആഴ്വാർമാരിൽ പ്രമുഖൻ. നാലായിരദിവ്യപ്രബന്ധത്തിലെ പ്രധാനരചനകളിലൊന്നായ പെരുമാൾതിരുമൊഴി ഇദ്ദേഹത്തിന്റെ രചനയാണ്.

## പ്രവേശക പ്രവർത്തനം - കവിത വായിച്ച് ആശയം കണ്ടെത്തൽ

ആമുഖമായി നൽകിയിരിക്കുന്ന വരികൾ വായിച്ച് ആശയം കണ്ടെത്തുക എന്നതാണ് പ്രവേശക പ്രവർത്തനമായി നൽകേണ്ടത്. കുലശേഖര ആഴ്വാർ രചിച്ച പെരുമാൾ തിരുമൊഴി എന്ന കൃതിയിലെ വരികൾ വായിച്ച് ആശയം കണ്ടുപിടിക്കട്ടെ. തമിഴ് വരികളും വിവർത്തനവും വായിക്കാൻ നിർദ്ദേശം നൽകുക. കണ്ടെത്തിയ ആശയങ്ങൾ കുട്ടികൾ പങ്കുവയ്ക്കട്ടെ. കുലശേഖര ആഴ്വാരുടെ പരമമായ ഭക്തിയാണ് ഈ വരികളിൽ സൂചിപ്പിക്കുന്നത്. തുടർന്ന് ഭക്തിപ്രസ്ഥാനം എന്താണെന്ന് ചർച്ച ചെയ്യുന്നതിന് അധിക വിവരങ്ങൾ ലഭ്യമാക്കുക. (ടെക്സ്റ്റ് ബുക്ക് പേജ് 25)

കുട്ടികളെ മൂന്നു ഗ്രൂപ്പുകൾ ആയി തിരിക്കുന്നു. താഴെ പറയുന്ന ഉപാശയങ്ങൾ രേഖപ്പെടുത്തിയ ടാസ്ക് കാർഡുകൾ (Task Card) ക്രമീകരിക്കുന്നു.

1. ഭക്തി പ്രസ്ഥാനത്തിന്റെ ആവിർഭാവത്തിന് വഴിതെളിച്ച സാഹചര്യങ്ങൾ
2. ഭക്തി പ്രസ്ഥാനത്തിന്റെ സവിശേഷതകൾ
3. ഭക്തി പ്രസ്ഥാനത്തിലെ പ്രധാന കവികളും അവരുടെ രചനകളും പ്രത്യേകതകളും

ഓരോ ഗ്രൂപ്പിൽ നിന്നും ഓരോ ആൾ വന്ന് ഒരു കാർഡ് വീതം എടുക്കുന്നു. തങ്ങളുടെ ഗ്രൂപ്പിന് കിട്ടിയ കാർഡിലെ വിവരങ്ങൾ പുസ്തകത്തിൽ നിന്ന് കണ്ടെത്തുന്നു. ഇങ്ങനെ മൂന്ന് ടാസ്ക് കാർഡുകളും ആദ്യം പൂർത്തിയാക്കുന്ന ഗ്രൂപ്പ് വിജയികളാകുന്നു. അവർക്ക് പ്രത്യേക അഭിനന്ദനങ്ങൾ നൽകുക. (ഏതെങ്കിലും ഗ്രൂപ്പ് ടാസ്ക് പൂർത്തിയാക്കാൻ കൂടുതൽ സമയം എടുത്താൽ അതേ ടാസ്ക് എഴുതിയ പുതിയ കാർഡ് മറ്റ് ഗ്രൂപ്പുകൾക്ക് വേഗത്തിൽ ലഭ്യമാക്കാൻ ടീച്ചർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ) ഗ്രൂപ്പിൽ നിന്ന് ഓരോരുത്തർ വീതം അവതരിപ്പിക്കട്ടെ. തുടർന്ന്, മൂന്നു ഗ്രൂപ്പുകളും ദക്ഷിണേന്ത്യൻ ഭക്തി പ്രസ്ഥാനം അന്നത്തെ സാമൂഹ്യവ്യവസ്ഥയിൽ വരുത്തിയ മാറ്റങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു. ഓരോ ഗ്രൂപ്പിൽ നിന്നും ഒരാൾ വീതം അവത

രിപ്പിക്കുന്നു. (ഒരേ കുട്ടികൾ തന്നെ അവതരിപ്പിക്കുന്ന രീതി ഒഴിവാക്കുമല്ലോ). ഈ സമയത്ത് സ്വയം വിലയിരുത്തൽ നടത്താൻ കുട്ടികൾക്ക് നിർദേശം നൽകുക. ഗ്രൂപ്പുകളിൽ പരസ്പര വിലയിരുത്തൽ നടത്തി കുറിപ്പ് മെച്ചപ്പെടുത്താൻ അവസരം നൽകുന്നു. ടീച്ചർ കുറിപ്പുകൾ വിലയിരുത്തി കുട്ടികൾക്കാവശ്യമായ പിന്തുണയും അഭിനന്ദനങ്ങളും നൽകുക.

ക്രോഡീകരണത്തിൽ ഉൾപ്പെടുത്തേണ്ടവ

- ഭക്തിപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിന് വഴിതെളിച്ച സാഹചര്യങ്ങൾ
- ജാതിവ്യവസ്ഥയോടുള്ള എതിർപ്പ്
- ഭക്തകവികളുടെ രചനകൾ
- സമൂഹത്തിൽ നിലനിന്നിരുന്ന അർഥശൂന്യങ്ങളായ ആചാരങ്ങൾ

ഭക്തിപ്രസ്ഥാനത്തിന്റെ സവിശേഷതകളും, പ്രധാന കവികളും രചനകളും പാഠപുസ്തകത്തിൽ നിന്ന് പ്രയോജനപ്പെടുത്തുക

## ഗ്രൂപ്പ് പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ

പ്രവർത്തനങ്ങളിലെ പങ്കാളിത്തം, പ്രവർത്തനം ഏറ്റെടുക്കാനുള്ള സന്നദ്ധത, ഗ്രൂപ്പിലെ ഇടപെടൽ, ആശയങ്ങൾ പങ്കുവെയ്ക്കൽ ഇവ വിലയിരുത്താവുന്നതാണ്. മികച്ച പങ്കാളിത്തമുള്ളവർ, ശരാശരി പങ്കാളിത്തമുള്ളവർ, മെച്ചപ്പെടേണ്ടവർ ഇവ വിലയിരുത്തൽ പേജിൽ രേഖപ്പെടുത്തുക.

## അനുരൂപീകരണ സാധ്യത

അനുരൂപീകരണം ആവശ്യമുള്ള കുട്ടികൾക്ക് അവരുടെ പഠന രീതിയും പഠനവേഗവും പരിഗണിച്ച് പഠനപ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടതാണ്. റിസോഴ്സ് ടീച്ചറുടെ സഹായം ഓരോ പ്രവർത്തനത്തിലും ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധിക്കുക. പ്രവർത്തന പേജിൽ അനുരൂപീകരണം ആവശ്യമുള്ള കുട്ടികൾക്ക് നൽകുന്ന സഹായം പ്രത്യേകം രേഖപ്പെടുത്തുമല്ലോ.

### ഭക്തിപ്രസ്ഥാനത്തിലെ പ്രധാന കവികൾ

വ്യക്തിപരമായി ഭക്തിക്ക് പ്രാധാന്യം നൽകിയിരുന്ന ജനകീയ സന്യാസിമാരുടെ ശൃംഖലയായിരുന്നു ആഴ്‌വാർമാരും നായനാർമാരും. ദൈവവും ഭക്തനും തമ്മിലുള്ള സ്നേഹപൂർണ്ണമായ ഒരു ജീവൽബന്ധമായി അവർ മതത്തെ പ്രയോജനപ്പെടുത്തി. അവരുടെ ഇഷ്ട ദൈവത്തെ പ്രകീർത്തിക്കുന്ന കീർത്തനങ്ങൾ ആലപിച്ച് അവർ ദേശസഞ്ചാരം നടത്തിയിരുന്നു വിഷ്ണു ഭക്തരായ ആഴ്‌വാർമാർ വ്യത്യസ്ത ജാതി വിഭാഗങ്ങളിൽ നിന്നുള്ള 12 പേരായിരുന്നു. ഇവരുടെ രചനകളായ നാലായിര ദിവ്യപ്രബന്ധം തമിഴ്‌വേദം എന്ന പേരിലും അറിയപ്പെടുന്നു. 63 നായനാർമാരിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഉൾപ്പെട്ടിരുന്നു. ഇവരുടെ രചനകൾ തിരുമുറൈകൾ എന്ന പേരിൽ ക്രോഡീകരിക്കപ്പെട്ടു. ഇവയിൽ പ്രധാനപ്പെട്ടവ തേവാരം, (പേജ് നമ്പർ 27, ചിത്രം 2.1 പരിചയപ്പെടുത്തുക) പെരിയപുരാണം തുടങ്ങിയവയാണ്.

## ബസവണ്ണ: കന്നട ദേശത്തെ മനുഷ്യസ്നേഹി

പാഠഭാഗം പേജ് 29 (ചിത്രം 2.3) നിരീക്ഷിക്കാൻ ആവശ്യപ്പെടുന്നു. ബസവണ്ണ ആരായിരുന്നു വെന്ന് പേജ് 28 വായിച്ച് കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തട്ടെ. അനുഭവമണ്ഡപം (പേജ് 28) അധിക വായനയ്ക്കായി നൽകുക.

തുടർന്ന് പാഠപുസ്തകം പേജ് 28-ലെ (ചിത്രം 2.2) ചിത്രീകരണം കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. ചിത്രീകരണം സംഭാഷണ രൂപത്തിൽ എഴുതുന്നു. (തുടർ പ്രവർത്തനത്തിൽ നൽകിയിരിക്കുന്ന സ്കിറ്റിന് ആവശ്യമായ സ്ക്രിപ്റ്റ് തയ്യാറാക്കാൻ ഈ പ്രവർത്തനം സഹായ കമാകും) ഒന്ന് രണ്ട് കുട്ടികൾ അവതരിപ്പിക്കട്ടെ. അതിനുശേഷം പേജ് 28-ലെ പ്രവർത്തനം പൂർത്തിയാക്കുക.

*അധികവായനയ്ക്ക്:* *History of Medieval India - Satish Chandra*
*മഹച്ചരിതമാല ഡി സി ബുക്സ് വാല്യം 2 (ഇന്ത്യ)*
*മധ്യകാല ഇന്ത്യ-സതീഷ് ചന്ദ്ര, ഡി സി ബുക്സ്.*

### വചനങ്ങൾ

പന്ത്രണ്ടാം നൂറ്റാണ്ടിന്റെ മധ്യകാലത്ത് ഏക മതവിശ്വാസം, മനുഷ്യസമത്വം, നീതിനിഷ്ഠ, സ്ത്രീ സമത്വം എന്നീ തത്വങ്ങളിൽ അധിഷ്ഠിതമായി നിലവിൽ വന്ന പ്രസ്ഥാനമാണ് വീരശൈവ പ്രസ്ഥാനം. മതപ്രബോധകരും സാമൂഹിക പരിഷ്കർത്താക്കളുമായിരുന്ന വീരശൈവർ യാഥാ സ്ഥിതിക മതത്തിന്റെ കാപട്യങ്ങൾക്കെതിരെ പോരാടി. കവിതാമയമായ ഗദ്യത്തിൽ ആവിഷ്കരിക്കപ്പെട്ട ഇവരുടെ സന്ദേശങ്ങൾ വചനങ്ങൾ എന്നറിയപ്പെട്ടു. അധ്വാനത്തിന്റെ മഹത്വം മനുഷ്യന്റെ ആന്തരികമായ നന്മയും ശുദ്ധിയും, സ്ത്രീ സ്വാതന്ത്ര്യം, സർവസമത്വം എന്നിവയാണ് വചനങ്ങളിലെ മുഖ്യ പ്രമേയങ്ങൾ. ചിന്ന ബസവ, സിദ്ധരാമയ്യ എന്നിവരാണ് മറ്റു വചന കവികൾ.

ബസവണ്ണ നേതൃത്വം നൽകിയ വീരശൈവ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ, ബസവണ്ണ യുടെ സന്ദേശങ്ങൾ ഇവ വായിച്ച് ഒരു പോസ്റ്റർ തയ്യാറാക്കാൻ നിർദ്ദേശിക്കുക. (ഗ്രൂപ്പ് പ്രവർ ത്തനം) (അധിക വിവരങ്ങൾക്കായി പേജ് 29-ലെ മനുഷ്യസ്നേഹവും സമത്വവും ഉയർത്തിക്കാ ട്ടിയ ബസവണ്ണയുടെ സന്ദേശങ്ങൾ എന്ന ഭാഗം പ്രയോജനപ്പെടുത്താവുന്നതാണ്). തയ്യാറാ ക്കിയ പോസ്റ്ററുകൾ പ്രദർശിപ്പിക്കട്ടെ.

വീരശൈവ പ്രസ്ഥാനം ജാതിവ്യവസ്ഥയെയും അസമത്വങ്ങളെയും ചോദ്യം ചെയ്തിരുന്നു എന്ന പ്രസ്താവന വിലയിരുത്തി സംസാരിക്കാൻ കുറച്ചു കുട്ടികൾക്ക് അവസരം നൽകുക. ചർച്ചയിൽ പങ്കെടുക്കുന്ന കുട്ടികളുടെ വിലയിരുത്തൽ നടത്തി ടീച്ചർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ദക്ഷിണേന്ത്യയിൽ രൂപം കൊണ്ട ഭക്തിപ്രസ്ഥാനം ക്രമേണ ഉത്തരേന്ത്യയിൽ എത്തിച്ചേർ ന്നത് പതിനാലാം നൂറ്റാണ്ട് മുതലാണെന്ന് പറയപ്പെടുന്നു. ഇക്കാലത്ത് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത വിശ്വാസങ്ങൾ ഉയർന്നുവന്നു. നിലവിലുള്ള വിശ്വാസത്തെ അംഗീകരിച്ച വരും യാഥാസ്ഥിതിക മതത്തെ എതിർത്തിരുന്നവരും ഇക്കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. അവരിൽ

പ്രധാനികളായ കബീർ, മീരാഭായ്, ഗുരുനാനാക്ക് എന്നിവരെയാണ് ഈ ഭാഗത്ത് നാം പരിചയപ്പെടുന്നത്.

### കബീർ മാനവമൈത്രിയുടെ പ്രചാരകൻ

മധ്യകാല ഭക്തിപ്രസ്ഥാനത്തിന്റെ ദാർശനിക കവിയും ഹിന്ദു-മുസ്ലീം മൈത്രിയുടെ വക്താവുമായിരുന്നു കബീർ. എല്ലാവിധ വിഭാഗീയചിന്തകൾക്കുമപ്പുറം മാനവികതയെ ഉയർത്തിപ്പിടിച്ചു. നെയ്ത്തുജോലി ചെയ്ത് ഉപജീവനം നടത്തിയിരുന്ന ഇദ്ദേഹം ദേശസഞ്ചാരവും ചർച്ചകളും നടത്തി അറിവ് പുതുക്കിയിരുന്നു. ഭക്തി-സൂഫി ആശയങ്ങളുടെ സമന്വയമായിരുന്നു കബീർ പ്രചരിപ്പിച്ചിരുന്നത്. കബീറിന്റെ രചനകൾ സിക്ക് മതത്തിന്റെ വിശുദ്ധ ഗ്രന്ഥമായ 'ആദിഗ്രന്ഥ'യിൽ ചേർത്തിട്ടുണ്ട്.

*അധികവായനയ്ക്ക്:* *History of Medieval India - Satish Chandra*
*വിശ്വ സാഹിത്യ വിജ്ഞാനകോശം വാല്യം 3*
*മധ്യകാല ഇന്ത്യ-സതീഷ് ചന്ദ്ര, ഡി സി ബുക്സ്.*

പാഠപുസ്തകം പേജ് 29-ൽ നൽകിയിരിക്കുന്ന കവിതാ ശകലം, പേജ് 30-ലെ കഥാഭാഗം ഇവ കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ. കബീറിന്റെ ദോഹയിലെയും ഈ കഥയിലെയും പാഠഭാഗം പേജ് 30-ലെയും ആശയം കണ്ടെത്തി റോൾപ്ലേ ആയി അവതരപ്പിക്കാൻ നിർദ്ദേശിക്കുക.

റോൾപ്ലേ ഗ്രൂപ്പ് 1 - ദോഹ, പാഠഭാഗം ഇവയുടെ അടിസ്ഥാനത്തിൽ

റോൾപ്ലേ ഗ്രൂപ്പ് 2 - കഥാഭാഗത്തെ അടിസ്ഥാനമാക്കി

തുടർന്ന് പേജ് 31-ലെ പ്രവർത്തനം പൂർത്തിയാക്കട്ടെ

- കബീറിന്റെ ശിഷ്യരിൽ എല്ലാ വിഭാഗം ജനങ്ങളും ഉൾപ്പെട്ടിരുന്നു.
- കബീർ തൊഴിലിന്റെ മഹത്വം ജനങ്ങളെ ബോധ്യപ്പെടുത്തി.

### ചർച്ച

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചശേഷം ജനങ്ങൾക്കിടയിൽ സമത്വചിന്തയും മത സൗഹാർദ്ദവും വളർത്താൻ കബീറിന്റെ ആശയങ്ങൾ എത്രത്തോളം സഹായിച്ചു എന്ന് ചർച്ച സംഘടിപ്പിക്കുക.

### സൂചകങ്ങൾ

കബീറിന്റെ ദോഹകൾ ജനങ്ങളെ എങ്ങനെ സ്വാധീനിച്ചു?

ഹിന്ദു-മുസ്ലിം സാഹോദര്യത്തെ കുറിച്ചുള്ള കബീറിന്റെ കാഴ്ചപ്പാട്

കബീറിന്റെ സാമൂഹിക കാഴ്ചപ്പാട്.

ചർച്ചയിൽ പരമാവധി കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കണം. ആശയങ്ങൾ പങ്കുവെക്കാനും കാത്തുനിൽക്കാനുമുള്ള മനോഭാവം ഉണ്ടാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

## ഗുരുനാനാക്ക് സ്നേഹവും സാഹോദര്യവും

കബീറിന്റെ ആശയങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് പ്രവർത്തിച്ച മഹാനായിരുന്നു. ഹിന്ദു-മുസ്ലിം മതങ്ങളുടെ സാരാംശങ്ങളെ ഇദ്ദേഹം ക്രോഡീകരിച്ചിരുന്നു. തന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് വേണ്ടി അദ്ദേഹം ഇന്ത്യക്കകത്തും പുറത്തും നടത്തിയ യാത്രകൾ 'ഉദാസി' എന്ന് അറിയപ്പെടുന്നു.

*അധികവായനയ്ക്ക്:* *History of Medieval India - Satish Chandra*
*മധ്യകാല ഇന്ത്യ-സതീഷ് ചന്ദ്ര, ഡി സി ബുക്സ്.*

പേജ് 31-ൽ നൽകിയിരിക്കുന്ന കഥ കുട്ടികൾ വായിക്കട്ടെ. നാനാക്ക് പ്രചരിപ്പിച്ചിരുന്ന ചില ആശയങ്ങൾ സ്വാംശീകരിക്കാൻ ഇതിലൂടെ കഴിയും. അവ കണ്ടെത്തി എഴുതാൻ നിർദ്ദേശിക്കുക.

- മറ്റുള്ളവരുടെ സമ്പത്ത് കൊള്ളയടിക്കുന്നത് അന്യായമാണ്
- തെറ്റ് മനസിലായാൽ ക്ഷമ ചോദിക്കുക
- ജീവിതത്തിൽ സത്യസന്ധത പുലർത്തുക

പേജ് 32 (ചിത്രം 2.7) പരിചയപ്പെടുത്തുക. കഥയിലെ ആശയങ്ങളും പാഠഭാഗവും (പേജ് 32) വായിച്ച് ഗുരുനാനാക്കിന്റെ ആശയങ്ങൾ ഉൾക്കൊള്ളിച്ച് ഒരു ലഘുലേഖ (Brochure) തയ്യാറാക്കി പ്രദർശിപ്പിക്കട്ടെ. ലഘുലേഖ വിലയിരുത്തലിന് വിധേയമാക്കേണ്ടതാണ്.

ലഘുലേഖയിലെ ആശയങ്ങൾ ഉൾക്കൊള്ളിച്ച് മതസഹിഷ്ണുത, സാർവത്രിക സാഹോദര്യം എന്നീ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് ഗുരുനാനാക്ക് സ്വീകരിച്ച മാർഗങ്ങൾ-കുറിപ്പ് തയ്യാറാക്കട്ടെ.

ക്രോഡീകരണത്തിൽ

തുല്യത, സാഹോദര്യം, സ്നേഹം എന്നീ ആശയങ്ങളുടെ പ്രോത്സാഹനം.

എല്ലാ വിഭാഗം ജനങ്ങൾക്കും ഒരുമിച്ച് കഴിക്കാനാവുന്ന ലംഗാറുകളുടെ പ്രാധാന്യം.

മതപരമായ വൈവിധ്യങ്ങൾക്കപ്പുറം ഐക്യബോധം വളർത്തുക.

വ്യക്തിപരമായ കഴിവുകൾ സമൂഹ നന്മയ്ക്ക് പ്രയോജനപ്പെടുത്തുക തുടങ്ങിയ ആശയങ്ങൾ അടങ്ങിയിരിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

## ഭക്തിപ്രസ്ഥാനത്തിലെ സ്ത്രീസാന്നിധ്യം

പേജ് 33 ചിത്രം (2.8) പരിചയപ്പെടുത്തുക.

ഭക്തിപ്രസ്ഥാനത്തിലെ പ്രധാന സ്ത്രീവ്യക്തിത്വങ്ങളെ പരിചയപ്പെടുത്തുന്നതിന് കുട്ടികൾക്ക് ഈ ചോദ്യങ്ങൾ നൽകുക.

മധ്യകാല സമൂഹത്തിൽ സ്ത്രീകളുടെ അവസ്ഥ എങ്ങനെയായിരുന്നു?

ഭക്തിപ്രസ്ഥാനത്തിലെ പ്രധാന ഭക്ത കവയിത്രികൾ ആരെല്ലാമായിരുന്നു?

ഭക്തിപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഇവരുടെ സംഭാവനകൾ കണ്ടെത്തുക.

വ്യക്തിഗതമായി ഉത്തരം എഴുതട്ടെ. ഒന്നുരണ്ട് കുട്ടികൾ അവതരിപ്പിക്കുന്നു. തുടർന്ന് പാഠഭാഗത്ത് (പേജ് 33) നൽകിയിരിക്കുന്ന ചോദ്യത്തെ ആസ്പദമാക്കി ചർച്ച നടത്തുക.

മീരാഭായിയുടെ കൃഷ്ണഭജനുകളുടെ പ്രത്യേകതകൾ എന്ത്?

അക്കമഹാദേവിയുടെ പ്രവർത്തനങ്ങൾ മധ്യകാല സ്ത്രീസമൂഹത്തിന് എത്രത്തോളം ഗുണകരമായിരുന്നു.

## ക്രോഡീകരണത്തിൽ ഉൾപ്പെടുത്തേണ്ടവ

- ഇഷ്ട ദൈവത്തോടുള്ള ആരാധനയ്ക്ക് സ്വാതന്ത്ര്യം.
- ആരാധനയുമായി ബന്ധപ്പെട്ട സംഗീതം സാഹിത്യം ഇവയിൽ രചനകൾക്കുള്ള അവസരം.
- സാമൂഹ്യവും ആത്മീയവുമായ അടിച്ചമർത്തലുകൾക്കെതിരെ പ്രതികരിക്കാനുള്ള കഴിവ്.

**കാരയ്ക്കൽ അമ്മയാർ** - ശൈവ ഭക്തരിൽ പ്രമുഖയായിരുന്നു. ആദ്യകാല തമിഴ് ഭക്തി സാഹിത്യത്തിൽ രചനകൾ നടത്തിയിരുന്നു.

**ആണ്ടാൾ** - വൈഷ്ണവ ഭക്തിപ്രസ്ഥാനത്തിലെ പ്രമുഖ കവയിത്രി.

**അക്ക മഹാദേവി** - പന്ത്രണ്ടാം ശതകത്തിലെ കന്നഡ കവിയത്രി. വീരശൈവ സംഘത്തിലെ പ്രായം കുറഞ്ഞ അംഗമായിട്ടും ഭക്തിയിൽ മുതിർന്നവൾ (അക്ക) ആയി മാറി. വചന സാഹിത്യത്തിലെ ഉത്കൃഷ്ട രചനകളാണ് ഇവരുടേത്.

**ലാൽദേദ്** - കശ്മീരിൽ പതിനാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ലാൽദേദ് കശ്മീരി ഭാഷയിൽ കവിതകൾ എഴുതിയിരുന്നു. വ്യക്തികളുടെ ശുദ്ധമായ മനസ്സും സ്വഭാവവും പ്രധാനമാണെന്ന് ഉദ്ബോധിപ്പിച്ചു. ജാതി-മതം-വംശം-വർഗവിഭാഗങ്ങൾക്കതീതമായിരുന്നു ലല്ലാഭായ് എന്ന ലാൽദേദ്.

**മീരാബായ്** - പതിനാറാം ശതകത്തിന്റെ ആദ്യ പകുതിയിൽ വടക്കേ ഇന്ത്യയിൽ കൃഷ്ണഗീതികൾക്ക് പ്രാമുഖ്യം കിട്ടിയത് മീരാബായിയിലൂടെയാണ്. കബീർ, സൂർദാസ്, തുളസിദാസ്, മാലിക് മുഹമ്മദ് ജയ്സി തുടങ്ങിയവർ മീരാബായിയുടെ സമകാലികർ ആയിരുന്നു എന്ന് പറയപ്പെടുന്നു.

**സൊയറാബായ്** - മഹാരാഷ്ട്രയിലെ മഹർ വിഭാഗത്തിലെ കവയിത്രി.

**ഭഹിനാബായ്** - മഹാരാഷ്ട്രയിൽ പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഭക്തകവയിത്രി.

*അധികവായനയ്ക്ക്:* *വിശ്വ സാഹിത്യ വിജ്ഞാനകോശം.*
*History of Medieval India - Satish Chandra*
*മധ്യകാല ഇന്ത്യ-സതീഷ് ചന്ദ്ര, ഡി സി ബുക്സ്.*

## ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങൾ

ഇഷ്ടദൈവത്തോടുള്ള അടിയുറച്ച ഭക്തിയിൽ അധിഷ്ഠിതമായിട്ടാണ് ഭക്തിപ്രസ്ഥാനം ആരംഭിച്ചതെങ്കിലും കാലക്രമത്തിൽ ഇന്ത്യയൊട്ടാകെ വ്യാപിച്ച് ജാതി വ്യവസ്ഥയ്ക്കും അടിച്ചമർത്തലിനും എതിരെ ജനങ്ങളെ ചിന്തിപ്പിക്കാൻ ഈ പ്രസ്ഥാനത്തിന് കഴിഞ്ഞു. ദൈവത്തിന്റെ മുന്നിൽ ഉയർന്നവനും താഴ്ന്നവനുമില്ലെന്നും എല്ലാവരും സമന്മാരാണെന്നും ഉദ്ഘോഷിച്ചുകൊണ്ട് പുരോഹിത മേധാവിത്വത്തിനെതിരെ ചിന്തിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു.

*അധികവായനയ്ക്ക്:* *History of Medieval India - Satish Chandra*
*മധ്യകാല ഇന്ത്യ-സതീഷ് ചന്ദ്ര, ഡി സി ബുക്സ്.*

ഭക്തി ആശയങ്ങളുടെ സ്വാധീനത്താൽ സമൂഹത്തിൽ രൂപപ്പെടാൻ തുടങ്ങിയ ആശയങ്ങൾ എഴുതിയ സ്ട്രിപ്പുകൾ-സാമൂഹിക സമത്വം, സ്ത്രീ പുരുഷസമത്വം, അധ്വാനത്തിന്റെ മഹത്വം, അനാചാരങ്ങൾക്കെതിരായ ചിന്താഗതി-ഗ്രൂപ്പുകളിൽ നൽകുന്നു. ഈ ആശയങ്ങളിലേക്ക് എത്തിച്ചേരാൻ സഹായിച്ച പ്രവർത്തനങ്ങൾ പേജ് 27, 28, 29, 30, 32 വായിച്ച് നോട്ട് ബുക്കിൽ കുറിക്കുന്നു. ഗ്രൂപ്പുകളിൽ നിന്ന് ഒരാൾ വീതം അവതരണം നടത്തട്ടെ. താഴെപ്പറയുന്ന അവതരണത്തിൽ ഉൾപ്പെടുത്തി ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങൾ എന്ന ആശയപടം പൂർത്തിയാക്കട്ടെ.

- സാമൂഹ്യവും മതപരവുമായ മേഖലകളിൽ പുരോഗമനപരമായ മാറ്റങ്ങൾ
- ജാതിവ്യവസ്ഥയും പ്രത്യേക സ്ഥാനമാനങ്ങളും ചോദ്യം ചെയ്യൽ
- സാമൂഹികസമത്വം
- സ്ത്രീപുരുഷ സമത്വത്തെ കുറിച്ചുള്ള ചിന്തകൾ
- അധ്വാനത്തിന്റെ മഹത്വം
- അനാചാരങ്ങൾക്കെതിരായ ചിന്താഗതി

## സൂഫി പ്രസ്ഥാനം

മധ്യേഷ്യയിൽ എട്ടാം നൂറ്റാണ്ടിൽ ഉയർന്നു വന്ന ഇസ്ലാമിക ഭക്തിപ്രസ്ഥാനമായിരുന്നു സൂഫിസം. പന്ത്രണ്ടാം നൂറ്റാണ്ടോടെ ഇന്ത്യയിൽ എത്തിച്ചേർന്നു. ഏകദൈവവിശ്വാസവും, അധികാരത്തിനും സമ്പത്തിനുമെതിരെയുള്ള കാഴ്ചപ്പാട് സൂഫികൾ പ്രചരിപ്പിച്ചു.

*അധികവായനയ്ക്ക്:* *History of Medieval India - Satish Chandra*
*മധ്യകാല ഇന്ത്യ-സതീഷ് ചന്ദ്ര, ഡി സി ബുക്സ്.*
*Sufis of Sindh-Motilal Jotwani*

പാഠഭാഗത്തിൽ (പേജ് 34) നൽകിയിട്ടുള്ള കഥാഭാഗം കുട്ടികൾ വായിച്ച് കണ്ടെത്തിയ ആശയങ്ങൾ എഴുതട്ടെ.

- സൂഫിവര്യന്മാർ അധികാര സ്ഥാനങ്ങളിൽ അകന്ന് നിൽക്കാൻ ആഗ്രഹിച്ചിരുന്നു
- സൂഫിവര്യന്മാർ ആധ്യാത്മിക ജീവിതത്തിന് പ്രാധാന്യം നൽകിയിരുന്നു

ആരായിരുന്നു സൂഫികൾ എന്ന ചോദ്യം ഉന്നയിക്കുന്നു. തുടർന്ന് സൂഫികളെ കുറിച്ചുള്ള വിശദമായ വിവരശേഖരണത്തിനായി താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനം നൽകുക (പേജ് 34, 35) എന്നിവയിലെ വിവരണങ്ങൾ വായിച്ച് ആശയങ്ങൾ ഗ്രഹിക്കുന്നതിന് ആവശ്യമായ ചോദ്യങ്ങൾ കുട്ടികൾ തയ്യാറാക്കി അവതരിപ്പിക്കട്ടെ. അവതരണ സമയത്ത് ടീച്ചർ ഇടപെട്ട് ആശയ ഗ്രഹണം സാധ്യമാക്കുന്ന ചോദ്യങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. തയ്യാറാക്കിയ ചോദ്യങ്ങൾ പ്രയോജനപ്പെടുത്തി ക്ലാസിൽ ഒരു ചോദ്യോത്തരപ്പയറ്റ് സംഘടിപ്പിക്കുക.

## മാതൃകാ ചോദ്യങ്ങൾ

സൂഫിപ്രസ്ഥാനത്തിന്റെ ആവിർഭാവം എവിടെയായിരുന്നു?

സൂഫിപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു?

സൂഫികൾ പ്രചരിപ്പിച്ച പ്രധാന ആശയങ്ങൾ എന്തെല്ലാം?

ചോദ്യം തയ്യാറാക്കിയതിലെ മികവ്, ചോദ്യപ്പയറ്റിലെ പ്രകടനം ഇവ വിലയിരുത്തലിന് വിധേയമാക്കാവുന്നതാണ്.

## ഡിജിറ്റൽ ഫ്ലിപ്പ് ബുക്ക്

സൂഫി പ്രസ്ഥാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ തയ്യാറാക്കി ഒരു ഫ്ലിപ്പ് ബുക്ക് നിർമ്മിക്കാൻ ആവശ്യമായ സാങ്കേതിക സഹായം ടീച്ചർ ഉറപ്പുവരുത്തുമല്ലോ? പാഠപുസ്തകം പേജ് 36-ൽ നൽകിയിരിക്കുന്ന തുടക്കം ഒരു ഉദാഹരണം മാത്രമാണ്. ആവശ്യമായ ചിത്രങ്ങളും കൂടുതൽ വിവരങ്ങളും ഉൾപ്പെടുത്താൻ നിർദ്ദേശിക്കുക.

## പ്രാദേശിക ഭാഷകളുടെ വളർച്ച

ഭക്തി-സൂഫി പ്രചാരകർ തമിഴ്, കന്നട, തെലുങ്ക്, ഉറുദു തുടങ്ങി സാധാരണക്കാരുടെ ഭാഷകളിലാണ് രചനകൾ നടത്തിയിരുന്നത്. നിസാമുദ്ദീൻ ഔലിയയുടെ ശിഷ്യനായിരുന്ന അമീർ ഖുസ്രു സാധാരണക്കാർക്ക് ആശയങ്ങൾ ആഗ്രഹിക്കുന്നതിന് പ്രാദേശിക ഭാഷകളുടെ പ്രാധാന്യം എടുത്തു പറഞ്ഞിരുന്നു.


*അധികവായനയ്ക്ക്:* *History of Medieval India - Satish Chandra*
*മധ്യകാല ഇന്ത്യ-സതീഷ് ചന്ദ്ര, ഡി സി ബുക്സ്.*

പേജ് 36-ലെ പാഠഭാഗം വായിക്കട്ടെ. മധ്യകാല ഇന്ത്യയിൽ പ്രാദേശിക ഭാഷകൾക്കുണ്ടായ ഉണർവിന് സഹായിച്ച ഘടകങ്ങൾ വ്യക്തിഗതമായി എഴുതട്ടെ. പ്രാദേശിക ഭാഷകളുടെ വളർച്ച ക്രോഡീകരിച്ച് കുറിപ്പ് തയ്യാറാക്കാൻ കുട്ടികളെ സഹായിക്കുക.

## ഭക്തി-സൂഫി ആശയങ്ങളുടെ സ്വാധീനം

പാഠപുസ്തകത്തിൽ നൽകിയിരിക്കുന്ന ആശയപടം ശ്രദ്ധിക്കുക. ഭക്തി-സൂഫി ആശയങ്ങളുടെ പ്രവർത്തനഫലമായി സമൂഹത്തിൽ ഉണ്ടായ മാറ്റങ്ങളിൽ ചിലത് നൽകിയിരിക്കുന്നു. കൂടുതൽ ആശയങ്ങൾ കണ്ടെത്തി ആശയപടം പൂർത്തിയാക്കാൻ നിർദ്ദേശിക്കുക. ചാർട്ട് പേപ്പറിൽ ആശയപടത്തിന്റെ രൂപരേഖ നൽകുക. ഒരേ അളവിൽ ചെറിയ സ്ലിപ്പുകളായി പേപ്പർ മുറിച്ച് മുൻകൂട്ടി തയ്യാറാക്കുക. കുട്ടികൾ കണ്ടെത്തുന്ന ആശയങ്ങൾ സ്ലിപ്പുകളിൽ എഴുതി ചാർട്ടിൽ ഒട്ടിച്ച് ചേർക്കട്ടെ.

### ആശയപടം




വ്യക്തിഗത വിലയിരുത്തലിനായി ഈ പ്രവർത്തനം ഉപയോഗിക്കാവുന്നതാണ്.

മധ്യകാലഘട്ടത്തിൽ രൂപംകൊണ്ട ഭക്തി-സൂഫി പ്രസ്ഥാനങ്ങൾ ജനങ്ങൾക്കിടയിൽ ഏറെ സ്വാധീനം ചെലുത്തിയിരുന്നു. ജാതി-മത പരിഗണനകൾക്ക് അതീതമായി മനുഷ്യസ്നേഹം പ്രചരിപ്പിക്കാൻ ഈ ആശയങ്ങളുടെ വക്താക്കൾ ശ്രദ്ധിച്ചിരുന്നു. സ്ഥാപനവൽക്കരിക്കപ്പെട്ട മതങ്ങളെ ചോദ്യം ചെയ്യുന്നതിനും ഇവയിൽ നിന്ന് പുറത്തുകടന്ന് അകമഴിഞ്ഞ സ്നേഹവും ഭക്തിയും കേന്ദ്ര ആശയങ്ങളായി പ്രചരിപ്പിക്കുന്നതിനും ഇവർ ശ്രമിച്ചിരുന്നു. ഇന്ത്യയുടെ സാംസ്കാരിക സാമൂഹിക ഘടനയിൽ അത്രമേൽ ഇഴയടുപ്പമുണ്ടാക്കാൻ ഭക്തി-സൂഫി ചിന്താധാരകൾ വഴിയൊരുക്കി. വിവിധ മതപശ്ചാത്തലം ഉള്ളവർക്കിടയിൽ ഐക്യം, പരസ്പരധാരണ, സമന്വയം ഇവ വളർത്തി ആത്മീയതയും മാനവികതയും പരിപോഷിപ്പിച്ച് മതപരമായ അതിരുകൾക്കപ്പുറത്ത് മനുഷ്യസ്നേഹം എന്ന മഹത്തായ ആശയം നിലനിർത്താൻ ഭക്തിപ്രസ്ഥാനം ഇന്ത്യക്കാരെ പ്രചോദിപ്പിച്ചു.

## സാമൂഹ്യശാസ്ത്ര നിരീക്ഷണ പുസ്തകം

ഈ യൂണിറ്റിലെ പഠന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതോടൊപ്പം, രൂപപ്പെടുന്ന ഉല്പന്നങ്ങൾ പോർട്ട്ഫോളിയോയിൽ ചേർക്കേണ്ടതാണ്. യൂണിറ്റുമായി ബന്ധപ്പെട്ട് കുട്ടിയുടെ സ്വന്തം നിരീക്ഷണങ്ങളും പത്രമാസികകളിൽ നിന്ന് ശേഖരിക്കുന്ന വിവരങ്ങളും പാഠഭാഗവുമായി ബന്ധപ്പെട്ടുവരുന്ന ആനുകാലിക സംഭവങ്ങളും സാമൂഹ്യശാസ്ത്ര നിരീക്ഷണ പുസ്തകത്തിൽ ചേർക്കുന്നുവെന്ന് ഉറപ്പാക്കുക. സാമൂഹ്യശാസ്ത്ര പഠനത്തിലെ ഒരു സവിശേഷ ഉല്പന്നമെന്ന നിലയിൽ നിരന്തര വിലയിരുത്തലിന് ഇതിലെ പ്രവർത്തനങ്ങൾ പരിഗണിക്കേണ്ടതാണ്.

## തുടർപ്രവർത്തനങ്ങൾ

1. ചർച്ച

   ഭക്തി-സൂഫി ആശയങ്ങൾ, പ്രധാന ഭക്തി-സൂഫി പ്രചാരകർ, ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങൾ, സ്വാധീനം തുടങ്ങിയ ആശയങ്ങൾ കുട്ടികൾ എത്രത്തോളം ഗ്രഹിച്ചിട്ടുണ്ട് എന്ന് കണ്ടെത്തുന്നതിന് ഈ ചർച്ച പ്രയോജനപ്പെടുത്താവുന്നതാണ്. ഈ പ്രവർത്തനം നിരന്തര മൂല്യനിർണ്ണയ പ്രവർത്തനത്തിന് വിധേയമാക്കേണ്ടതാണ്.

   ചർച്ചാസൂചകങ്ങൾ-ജാതി, മതം, പ്രദേശം, ഭാഷ, വസ്ത്രം, ലിംഗവ്യത്യാസങ്ങൾ തുടങ്ങിയ വ്യത്യസ്തതകൾക്കപ്പുറം നാനാത്വത്തിൽ ഏകത്വം എന്ന കാഴ്ചപ്പാട് വളർത്തുക.

   വ്യത്യസ്തതകളെ ഉൾക്കൊള്ളാനും അവയോട് ഐക്യപ്പെടാനുമുള്ള മനോഭാവം.

   വിശ്വമാനവികതയിൽ അധിഷ്ഠിതമായ കാഴ്ചപ്പാടുകൾ വികസിപ്പിക്കുക.

   വിമർശനാത്മകചിന്ത

2. സ്കിറ്റ് അവതരണം

   അനുഭവമണ്ഡപത്തെക്കുറിച്ച് ചർച്ച ചെയ്ത അവസരത്തിൽ സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടാകുമല്ലോ. ചർച്ചകൾക്ക് ശേഷം സ്ക്രിപ്റ്റ് പൂർത്തീകരിക്കുകയും അവതരിപ്പിക്കുകയും ചെയ്യുക.

   അവതരണ സാധ്യതകൾ - ക്ലാസ് തലം, ക്ലാസ് പി.ടി.എ, മികവ് വേദികൾ.

   ക്ലാസ് തലത്തിൽ സ്ക്രിപ്റ്റ് അവതരിപ്പിക്കുമ്പോൾ സാമൂഹിക വൈകാരിക മേഖലകളിലെ ആശയവിനിമയശേഷി, തീരുമാനമെടുക്കൽ എന്നിവ വിലയിരുത്താവുന്നതാണ്. സ്ക്രിപ്റ്റ് സ്കൂൾ വിക്കിയിൽ ചേർക്കാൻ കുട്ടികൾക്ക് ആവശ്യമായ സാങ്കേതിക സഹായം ഉറപ്പാക്കുക.

3. ഭക്തി-സൂഫി പ്രചാരകരുടെ വിവരങ്ങൾ നൽകിയിരിക്കുന്ന ഭൂപടത്തിന്റെ സഹായത്തോടുകൂടി അധിക വിവരങ്ങൾ പ്രയോജനപ്പെടുത്തി ഒരു ഡിജിറ്റൽ ആൽബം/പതിപ്പ് തയ്യാറാക്കുന്നതിന് കുട്ടികളെ സഹായിക്കുക.



# 3

# ഭരണഘടന : വഴിയും വഴികാട്ടിയും

ഇന്ത്യൻ ഭരണഘടനയുടെ ഉദ്ഭവ-വികാസങ്ങളാണ് ഈ അധ്യായത്തിൽ ചർച്ചചെയ്യുന്നത്. ദേശീയ പ്രസ്ഥാനവും ദേശീയ നേതാക്കളും മുന്നോട്ടുവച്ച ആശയങ്ങളും മൂല്യങ്ങളും, 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിന്റെ സ്വാധീനവും ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണത്തിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ടെന്ന് ഈ അധ്യായം നമ്മോട് സംവദിക്കുന്നു. ഭരണഘടനയുടെ സവിശേഷതകൾ, ധർമ്മങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനും ജൈവിക സ്വഭാവമുള്ളതാണ് ഭരണഘടന എന്ന അർഥത്തിൽ ഭരണഘടന കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത, വിവിധ ഭരണഘടന ഭേദഗതികൾ, ഭരണഘടന നിയമത്തിന്റെ ഉറവിടമായി മാറുന്നതെങ്ങനെ, നിയമങ്ങൾ നടപ്പിലാക്കുമ്പോൾ നേരിടുന്ന വെല്ലുവിളികൾ എന്നിവയാണ് ഈ അധ്യായത്തിൽ പ്രധാനമായും ചർച്ച ചെയ്യുന്നത്. ഭരണഘടനയിൽ ഉൾചേർന്നിരിക്കുന്ന മൂല്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണെന്നും കാലാനുസൃതമായി പരിഷ്ക്കരിക്കുന്ന നിയമങ്ങൾ ഉൾക്കൊണ്ടും അനുസരിച്ചുമാണ് മുന്നോട്ടുപോകേണ്ടതെന്നുമുള്ള മനോഭാവവും താരതമ്യപഠനം, വിവരങ്ങൾ വിശകലനം ചെയ്യൽ, നിഗമനങ്ങൾ രൂപപ്പെടുത്തൽ നിലപാട് സ്വീകരിക്കൽ എന്നീ ശേഷികളും ഈ അധ്യായത്തിന്റെ പഠനത്തിലൂടെ കുട്ടികളിൽ വികസിക്കേണ്ടതുണ്ട്.

## പഠനലക്ഷ്യങ്ങൾ

1. ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണത്തിൽ ദേശീയപ്രസ്ഥാനം, 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് എന്നിവയുടെ സ്വാധീനം തിരിച്ചറിയുന്നതിനും ഭരണഘടനയുടെ സവിശേഷതകൾ മനസ്സിലാക്കുന്നതിനും.

2. ഭരണഘടന കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത, പ്രധാന ഭേദഗതികൾ എന്നിവയെ കുറിച്ച് അറിവ് ആർജിക്കുന്നതിനും ഭരണഘടന ജൈവസ്വഭാവം ഉള്ളതാണെന്ന് തിരിച്ചറിയുന്നതിനും.

# യൂണിറ്റ് ഫ്രെയിം

3: ഭരണഘടന: വഴിയും വഴികാട്ടിയും                                   സമയം: 12 പിരിയഡ്

| ആശയങ്ങൾ/ധാരണകൾ | പഠനപ്രവർത്തനങ്ങൾ | പഠനസാമഗ്രികൾ |
|---|---|---|
| ഇന്ത്യൻ ഭരണഘടന: സ്വാതന്ത്ര്യ സമരത്തിന്റെ ഉല്പന്നം | ഗാന്ധിജി വിഭാവനം ചെയ്ത ഭരണഘടനയിലെ ആശയങ്ങൾ: പട്ടിക പൂർത്തിയാക്കൽ.<br>ഭരണഘടനയുടെ രൂപീകരണത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെ പങ്ക്: ഉത്തരം കണ്ടെത്താം.. കുറിപ്പാക്കാം | പാഠപുസ്തകം<br>വായനാ സാമഗ്രികൾ<br>ചിത്രങ്ങൾ<br>ICT വീഡിയോ<br>ഐ സി ടി സാധ്യതകൾ<br>റഫറൻസ് ഗ്രന്ഥങ്ങൾ |
| മതേതരത്വം, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം | ദേശീയ പ്രസ്ഥാനത്തിലെ ആശയങ്ങൾ ഭരണഘടനയുടെ ആമുഖത്തിൽ പ്രതിഫലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നു, പട്ടിക പൂർത്തിയാക്കുന്നു. | ഇന്ത്യൻ ഭരണഘടന<br>ഐ സി ടി സാധ്യതകൾ<br>ചാർട്ട് |
| 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് | ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിനെ കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു, പദസൂര്യൻ പൂർത്തിയാക്കുന്നു. | റഫറൻസ് ഗ്രന്ഥങ്ങൾ<br>ഐ സി ടി സാധ്യതകൾ<br>ഹാൻഡ്ബുക്കിലെ നിർദിഷ്ട ഭാഗത്തിന്റെ പകർപ്പ് |
| ഭരണഘടനയുടെ ആവശ്യകത, ഭരണഘടന നിർമ്മാണ സഭ-അടിസ്ഥാന സവിശേഷതകൾ | ഭരണഘടന നിർമ്മാണ സഭയുടെ സവിശേഷതകൾ പദസൂര്യൻ തയ്യാറാക്കുന്നു<br>ഭരണഘടനയുടെ സവിശേഷതകളെ കുറിച്ച് സെമിനാർ തയ്യാറാക്കുന്നു. ചർച്ച നടത്തുന്നു.<br>ചെക്ക് ലിസ്റ്റ് പൂർത്തിയാക്കുന്നു. | ജിഗ്സോ പസ്സിൽ<br>റഫറൻസ് ഗ്രന്ഥങ്ങൾ<br>ഐ സി ടി സാധ്യതകൾ<br>ചാർട്ട് |

| | | |
|---|---|---|
| ഭരണഘടന: നിയമത്തിന്റെ ഉറവിടം | ബാലാവകാശ നിയമങ്ങൾ കൊളാഷിൽ നിന്ന് കണ്ടെത്തി പട്ടികപ്പെടുത്തുന്നു<br>പോക്സോ ആക്ട്. പദസൂര്യൻ തയ്യാറാക്കുന്നു<br>ലഘുലേഖ നിർമ്മിക്കുന്നു<br>ഭരണഘടനയുടെ ധർമ്മങ്ങൾ... ചർച്ച സംഘടിപ്പിക്കുന്നു. | റഫറൻസ് ഗ്രന്ഥങ്ങൾ<br>ഐ സി ടി സാധ്യതകൾ<br>ചാർട്ട്<br>ലഘുലേഖ നിർമ്മാണത്തിന് ആവശ്യമായ സാമഗ്രികൾ<br>പ്ലകാർഡ് നിർമ്മാണ സാമഗ്രികൾ |
| ഭരണഘടനാഭേദഗതികൾ | ചെക്ക് ലിസ്റ്റ് പൂർത്തിയാക്കൽ കുറിപ്പ് തയ്യാറാക്കൽ<br>നിയമങ്ങൾ നടപ്പാക്കുമ്പോൾ നേരിടുന്ന വെല്ലുവിളികൾ-ചർച്ച | ഐ സി ടി സാധ്യതകൾ<br>റഫറൻസ് ഗ്രന്ഥങ്ങൾ<br>കൊളാഷ് |

## പാഠഭാഗത്തേക്ക്

കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ചശേഷം ഓരോ ഗ്രൂപ്പുകൾക്കും ദേശീയ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട സംഭവങ്ങളുടെ ചിത്രങ്ങളും ചില സൂചനകളും നൽകുന്നു. അവ ഗ്രൂപ്പിൽ ചർച്ച ചെയ്ത് അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. ഉദാഹരണം ദണ്ഡിയാത്ര, ജാലിയൻവാലാബാഗ്, ക്വിറ്റ് ഇന്ത്യാ സമരം, ഒന്നാം സ്വാതന്ത്ര്യസമരം. കുട്ടികളുടെ അവതരണത്തിന് ശേഷം വിവിധ സ്വാതന്ത്ര്യപോരാട്ട സംഭവങ്ങളെയും സ്വാതന്ത്ര്യസമര സേനാനികളെയും കുറിച്ചുള്ള സ്ലൈഡ്/ചാർട്ട് പ്രദർശനം സംഘടിപ്പിക്കാവുന്നതാണ്.

പാഠഭാഗത്ത് നൽകിയിട്ടുള്ള ഗാന്ധിജിയുടെ ഉദ്ധരണി ശ്രദ്ധാപൂർവ്വം വായിക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. ശേഷം ഇന്ത്യയുടെ ഭരണഘടനയിൽ എന്തെല്ലാം ആശയങ്ങൾ ഉണ്ടാകണമെന്നാണ് മഹാത്മജി ആഗ്രഹിച്ചതെന്ന ചോദ്യം ക്ലാസിൽ ഉന്നയിക്കുന്നു... പട്ടിക പൂർത്തിയാക്കാൻ സഹായിക്കുന്നു..

- മതേതരത്വം
- സ്വാതന്ത്ര്യം

## ഭരണഘടന സ്വാതന്ത്ര്യസമര സേനാനികളുടെ സ്വപ്നം

താഴെക്കൊടുത്തിരിക്കുന്ന വർക്ക്ഷീറ്റ് ബോർഡിലോ ഐ സി ടി സാധ്യത ഉപയോഗപ്പെടുത്തിയോ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. വ്യക്തിഗതമായി പൂർത്തിയാക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു. അതിനായി പാഠപുസ്തകത്തിലെ പേജ് നമ്പർ 40 വായിക്കുവാൻ ആവശ്യപ്പെടുന്നു.

| | |
|---|---|
| ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ ഉയർന്നുവന്ന ആദ്യ ബഹുജന സമരം | |
| സമരത്തിൽ പങ്കെടുത്ത വിവിധ ജനവിഭാഗങ്ങൾ | |
| ഇന്ത്യയിലെ ആദ്യകാല പ്രാദേശിക സംഘടനകൾ | |
| ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകൃതമായ വർഷം | |
| ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രധാന ലക്ഷ്യങ്ങൾ | |
| വിദേശഭരണം അവസാനിപ്പിക്കുക എന്നതിനപ്പുറം ദേശീയ പ്രസ്ഥാനം മുന്നോട്ടുവച്ച മറ്റു ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു? | |
| ഗാന്ധിജിയുടെ വരവ് സ്വാതന്ത്ര്യസമര പ്രസ്ഥാനത്തെ എങ്ങനെയെല്ലാം സ്വാധീനിച്ചു? | |
| എന്തൊക്കെ മൂല്യങ്ങളാണ് ഇന്ത്യൻ ഭരണഘടനയുടെ അടിത്തറ ആകേണ്ടതെന്നാണ് സ്വാതന്ത്ര്യ സമരസേനാനികൾ ആഗ്രഹിച്ചത്? | |

കുട്ടികളെ ഗ്രൂപ്പുകളാക്കി താഴെ പറയുന്നപ്രവർത്തനവും ക്ലാസിൽ ഉപയോഗിക്കാവുന്നതാണ്..........

ആശയപടം പൂർത്തിയാക്കാം.

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ പ്രധാനപ്പെട്ട മൂന്ന് സംഭവങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്. അവ എങ്ങനെയെല്ലാമാണ് നമ്മുടെ സ്വാതന്ത്ര്യ സമരത്തെ സ്വാധീനിച്ചത്? ആശയപടം തയ്യാറാക്കൂ..

**1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരം**

- ആദ്യത്തെ ബഹുജന സമരം
- സൈനികർ, ഗോത്രവർഗ്ഗക്കാർ, കർഷകർ- രാജാക്കന്മാർ തുടങ്ങി നിരവധി വിഭാഗങ്ങൾ പങ്കെടുത്തു.
- മതസൗഹാർദ്ദത്തിൽ ഊന്നിയുള്ള ദേശീയ ബോധം വളരുന്നതിന് കാരണമായി
- പ്രാദേശിക സംഘടനകളുടെ പ്രവർത്തനം ശക്തിപ്പെട്ടു

**ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണം**

- ദേശീയതലത്തിൽ രൂപീകരിക്കപ്പെട്ട ആദ്യ സംഘടന
- ബ്രിട്ടീഷുകാർക്കെതിരെയുള്ള പ്രക്ഷോഭങ്ങൾക്ക് സംഘടിതമാനം കൈവന്നു
- ഇന്ത്യയിലെ വിവിധ ജന വിഭാഗങ്ങളുടെ പ്രശ്നങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി
- ജാതിമത പ്രാദേശിക ചിന്തകൾക്കതീതമായി ജനങ്ങൾക്കിടയിൽ ദേശീയ ബോധം വളർന്നു

**ഗാന്ധിജിയുടെ ആഗമനം**

- സാമൂഹിക നീതിയിൽ അധിഷ്ഠിതമായ ജനാധിപത്യം എന്ന ആവശ്യം ശക്തമാക്കി
- ഉച്ചനീചത്വങ്ങൾ ഇല്ലാത്ത ഇന്ത്യയ്ക്കായി പരിശ്രമിച്ചു
- സമത്വം, സാഹോദര്യം മതസൗഹാർദം എന്നിവ ഉയർത്തിപ്പിടിച്ചു
- ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ബഹുജനാടിത്തറ ശക്തിപ്പെട്ടു

വ്യക്തിഗത വായന, ഗ്രൂപ്പ് വായന എന്നിവയിലൂടെ സ്വയം വിലയിരുത്തലിനും പരസ്പര വിലയിരുത്തലിനുമുള്ള അവസരം ഇവിടെ പ്രയോജനപ്പെടുത്തേണ്ടതാണ്. പഠന പ്രവർത്തനങ്ങളിലെ കുട്ടികളുടെ താല്പര്യപൂർവ്വമുള്ള പങ്കാളിത്തവും അവതരണത്തിലെ മികവും ടീച്ചർക്ക് നിരന്തര മൂല്യനിർണയത്തിന് വിധേയമാക്കാവുന്നതാണ്.

*അധികവായനയ്ക്ക്:* *ആധുനിക ഇന്ത്യ-ബിപിൻ ചന്ദ്ര*
*സ്വാതന്ത്ര്യസമര ചരിത്രം കുട്ടികൾക്ക് (ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്)*

## ഇന്ത്യൻ സ്വാതന്ത്ര്യ സമരം: ഭരണഘടനയുടെ അടിത്തറ

കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ചശേഷം ഓരോ ഗ്രൂപ്പിനും ഭരണഘടനയുടെ ആമുഖത്തിന്റെ കോപ്പി നൽകുന്നു. ശേഷം പാഠപുസ്തകം പേജ് നം. 41-ലെ ചിത്രം 3.2-ൽ നൽകിയിട്ടുള്ള ഏതെല്ലാം ആശയങ്ങൾ ഭരണഘടനയുടെ ആമുഖത്തിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് കണ്ടെത്താൻ ആവശ്യപ്പെടുന്നു. കുട്ടികൾ കണ്ടെത്തലുകൾ പട്ടികപ്പെടുത്തി അവതരിപ്പിക്കട്ടെ. തുടർന്ന് പാഠപുസ്തകത്തിൽ നിഗമനങ്ങൾ രേഖപ്പെടുത്താം.

- സാഹോദര്യം - ജനങ്ങൾക്കിടയിൽ സാഹോദര്യം ഉറപ്പാക്കണം
- ക്ഷേമരാഷ്ട്രം - സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ ക്ഷേമം ഉറപ്പുവരുത്തണം.

ഇന്ത്യൻ സ്വാതന്ത്ര്യ സമരമാണ് നമ്മുടെ ഭരണഘടനയുടെ അടിത്തറയായി മാറിയതെന്ന് കുട്ടികളെ ബോധ്യപ്പെടുത്താൻ മുകളിൽ പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങളിലൂടെ ടീച്ചർക്ക് കഴിയേണ്ടതാണ്. തുടർന്ന് വിലയിരുത്തൽ കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടാം. ചുവടെ നൽകിയിരിക്കുന്ന സൂചകങ്ങൾ വിലയിരുത്തലിനായി പ്രയോജനപ്പെടുത്തുമല്ലോ.

- സ്വാതന്ത്ര്യം നേടുക എന്നതിനപ്പുറം മെച്ചപ്പെട്ട സാമൂഹിക രാഷ്ട്രീയ സാംസ്കാരിക ജീവിതം ഉറപ്പുവരുത്തുക എന്നതും ദേശീയ പ്രസ്ഥാനത്തിന്റെ ലക്ഷ്യമായിരുന്നു.

- സമത്വം, സാഹോദര്യം, മതസൗഹാർദം എന്നീ ആശയങ്ങളും മൂല്യങ്ങളും ഉയർത്തിപ്പിടിച്ചാണ് നേതാക്കൾ സ്വാതന്ത്ര്യ സമര പ്രസ്ഥാനം നയിച്ചത്.

മുകളിൽ സൂചിപ്പിച്ച ആശയങ്ങളാണ് ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണത്തിലേക്ക് നയിച്ചത്.

കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിക്കുമ്പോൾ നിരന്തര മൂല്യനിർണ്ണയത്തിന്റെ വിവിധ തലങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

## ഭരണഘടനയുടെ മുൻഗാമി

കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ചശേഷം ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടുമായി ബന്ധപ്പെട്ട അധിക വിവരങ്ങൾ കോപ്പി/ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കുട്ടികളിൽ എത്തിക്കുന്നു. ശേഷം അവ ചർച്ച ചെയ്യാനും തുടർന്ന് പാഠപുസ്തകം പേജ് നം. 42-ൽ നൽകിയിട്ടുള്ള തലക്കെട്ടുകൾക്ക് അധിക വിശദീകരണം കണ്ടെത്തി കുറിപ്പ് തയ്യാറാക്കാനും ആവശ്യപ്പെടുന്നു.

## ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് 1935

ഇന്ത്യയിൽ ഉത്തരവാദിത്വമുള്ള ഒരു സർക്കാരിന്റെ രൂപീകരണത്തിലേക്ക് നയിച്ച നിയമം. ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയ ഏറ്റവും ദൈർഘ്യമേറിയ ഈ നിയമത്തിൽ 321 ഭാഗങ്ങളും 10 പട്ടികകളും ഉൾക്കൊള്ളുന്നു.

ഇന്ത്യയിൽ ബ്രിട്ടീഷ് ഇന്ത്യയെയും നാട്ടുരാജ്യങ്ങളെയും ഉൾക്കൊള്ളുന്ന ഒരു ഫെഡറൽ സംവിധാനം അവതരിപ്പിക്കുന്നതിനും ബ്രിട്ടീഷ് ഇന്ത്യൻ പ്രാവിശ്യകളിൽ സ്വയം ഭരണം ഏർപ്പെടുത്തുന്നതിനും കാരണമായ നിയമം കൂടിയായിരുന്നു ഇത്. നിയമത്തിന്റെ പ്രധാന സവിശേഷതകൾ ചുവടെ ചേർക്കുന്നു.

## ഫെഡറൽ സംവിധാനം

ഈ നിയമം കേന്ദ്രത്തിനും പ്രാവിശ്യകൾക്കുമിടയിൽ അധികാരങ്ങൾ വിഭജിച്ചു. ഇതിനായി 3 തരത്തിലുള്ള ലിസ്റ്റുകൾ ഉണ്ടായിരുന്നു.

- ഫെഡറൽ ലിസ്റ്റ് - കേന്ദ്രത്തിനു നിയമനിർമ്മാണത്തിന് അധികാരമുള്ള വിഷയങ്ങൾ
- പ്രവിശ്യ ലിസ്റ്റ് - പ്രവിശ്യകൾക്ക് നിയമനിർമ്മാണത്തിന് അധികാരമുള്ള വിഷയങ്ങൾ
- കൺകറന്റ് ലിസ്റ്റ് - കേന്ദ്രത്തിനും പ്രവിശ്യകൾക്കും തുല്യ അധികാരം അവശേഷിക്കുന്ന അധികാരങ്ങൾ വൈസ്രോയിയിൽ നിക്ഷിപ്തമായിരുന്നു.

## പ്രവിശ്യകൾക്ക് സ്വയം ഭരണാവകാശം

പ്രവിശ്യ തലങ്ങളിൽ ദ്വിഭരണം നിർത്തലാക്കി. കേന്ദ്രത്തിനു സ്വാധീനമുള്ള ഫെഡറൽ ലിസ്റ്റിന് കീഴിലുള്ള വിഷയങ്ങളെ റിസർവ്, ട്രാൻസ്ഫേർഡ് (സംവരണം ചെയ്ത വിഷയങ്ങൾ/ കൈമാറ്റം ചെയ്യപ്പെട്ട വിഷയങ്ങൾ) എന്നിങ്ങനെ രണ്ടായി തരംതിരിച്ചു. സംവരണം ചെയ്ത വിഷയങ്ങൾ ഗവർണർ ജനറലിന്റെ നിയന്ത്രണത്തിൽ ആയിരുന്നു ഉദാ: പ്രതിരോധം, വിദേശകാര്യം, പോലീസ്, നികുതി. കൈമാറ്റം ചെയ്യപ്പെട്ട വിഷയങ്ങൾ കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സിന്റെ ചുമതലയിലായിരുന്നു. എന്നാൽ പ്രവിശ്യനിയമസഭയെ വിശ്വാസത്തിൽ എടുത്തുകൊണ്ട് പ്രവർത്തിക്കാൻ ബാധ്യസ്ഥരായിരുന്നു.

## ദ്വി മണ്ഡല നിയമനിർമ്മാണ സഭ

കേന്ദ്രത്തിൽ ദിമണ്ഡല നിയമനിർമ്മാണ സഭ ശിപാർശ ചെയ്തു.

അവ ഹൗസ് ഓഫ് അസംബ്ലി (അധോ സഭ), കൗൺസിൽ ഓഫ് സ്റ്റേറ്റ് (ഉപരി സഭ) എന്നിവയായിരുന്നു. ആകെയുള്ള 11 പ്രവശ്യകളിൽ ആറിലും ദ്വിമണ്ഡലസഭകൾ നിലവിൽ വന്നു. ബംഗാൾ, മദ്രാസ്, ബോംബെ, ബീഹാർ, അസം ഏകീകൃത പ്രവിശ്യകൾ തുടങ്ങിയവയിലാണ് ദ്വിമണ്ഡല സഭകൾ നിലവിൽ വന്നത്.

ഇവയ്ക്കെല്ലാം പുറമേ ദുർബല വിഭാഗങ്ങൾ, സ്ത്രീകൾ, തൊഴിലാളികൾ എന്നിവർക്ക് പ്രത്യേക മണ്ഡലങ്ങൾ സംവരണം ചെയ്തു. ഇത് ഭരണകാര്യങ്ങളിൽ അവരുടെ പ്രാതിനിധ്യം വർധിപ്പിക്കുന്നതിന് സഹായിച്ചു.

1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് ഇന്ത്യൻ ഭരണഘടനയിൽ പ്രവിശ്യകളുടെ സ്വയംഭരണ അധികാരം, ഫെഡറലിസം, അധികാരവിഭജനം, നിർദേശകതത്വങ്ങൾ, ഫെഡറൽ കോടതി സംവിധാനം തുടങ്ങി നിരവധി ആശയങ്ങൾ സംഭാവന ചെയ്തിട്ടുണ്ടെന്ന് കുട്ടികളിൽ എത്തിക്കേണ്ടതാണ്.

ദേശീയ പ്രസ്ഥാനത്തിന്റെ സ്വാധീനം, 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് തുടങ്ങിയവയ്ക്ക് പുറമേ ക്യാബിനറ്റ് മിഷന്റെ പ്രവർത്തനങ്ങളും ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ടെന്ന് ടീച്ചർക്ക് ക്രോഡീകരിക്കാം.

### ക്യാബിനറ്റ് മിഷൻ

ഇന്ത്യക്ക് പരമാധികാരം കൈമാറുന്നത് സംബന്ധിച്ച് ഇന്ത്യൻ നേതാക്കളുമായി ചർച്ച നടത്തുന്നതിനായി ബ്രിട്ടീഷ് സർക്കാർ നിയോഗിച്ച മൂന്നംഗ സമിതിയാണ് ക്യാബിനറ്റ് മിഷൻ. ബ്രിട്ടീഷ് പ്രധാനമന്ത്രി ക്ലമെന്റ് ആറ്റ്ലി മുൻകൈയെടുത്താണ് ക്യാബിനറ്റ് മിഷൻ രൂപീകരിച്ചത്. ബ്രിട്ടീഷ് മന്ത്രിസഭാംഗമായ പെത്തിക് ലോറൻസ്, സ്റ്റഫോർഡ് ക്രിപ്സ്, എ വി അലക്സാണ്ടർ എന്നിവരായിരുന്നു മിഷൻ അംഗങ്ങൾ. ഇന്ത്യയിലെ പ്രധാന രാഷ്ട്രീയ കക്ഷികളുടെ നേതാക്കളുമായി ചർച്ച നടത്തിയ അവർ ഇന്ത്യയ്ക്ക് ഒരു ഭരണഘടന തയ്യാറാക്കുന്നതിന് വേണ്ടി ഭരണഘടനാനിർമ്മാണ സഭ വിളിച്ചു ചേർക്കണമെന്ന കോൺഗ്രസിന്റെ ആവശ്യം അംഗീകരിച്ചു. ഇന്ത്യയുടെ ഭാവി രാഷ്ട്രീയ സംവിധാനത്തെ കുറിച്ച് അവർ തയ്യാറാക്കിയിട്ടുള്ള പ്രസ്തുത പരിപാടി ക്യാബിനറ്റ് മിഷൻ പദ്ധതി എന്ന പേരിൽ അറിയപ്പെട്ടു.

## ഭരണഘടനാനിർമ്മാണസഭ : സവിശേഷതകൾ

ഭരണഘടനാനിർമ്മാണസഭയുടെ സവിശേഷതകളെ കുറിച്ച് പാഠപുസ്തകത്തിൽ നൽകിയിട്ടുള്ള ആശയപടം കുട്ടികൾ കൃത്യമായി വായിച്ച് കുറിപ്പ് തയ്യാറാക്കട്ടെ. അധിക വിവരങ്ങൾ കൂട്ടിച്ചേർക്കാൻ ടീച്ചർ ശ്രദ്ധിക്കണം. നിരന്തര വിലയിരുത്തൽ സാധ്യതകളും പ്രയോജനപ്പെടുത്തേണ്ടതാണ്.

ഭരണഘടന നിർമ്മാണസഭയുടെ സവിശേഷതകൾ ജിഗ്സോ പസിൽ രൂപത്തിലും അവതരിപ്പിക്കാം. സവിശേഷതകൾ ചേർത്തുവെച്ചാൽ ഇന്ത്യയുടെ ചിത്രമോ ഭരണഘടനയുടെ പുറംചട്ടയോ കിട്ടത്തക്കവിധത്തിൽ പസിൽ ക്രമീകരിക്കാം. ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന്റെ ഭാഗമായും ഈ പ്രവർത്തനം പ്രയോജനപ്പെടുത്താം.

## ഭരണഘടനാനിർമ്മാണ സഭ

389 അംഗങ്ങൾ ഉണ്ടായിരുന്ന ഭരണഘടനാനിർമ്മാണ സഭയുടെ ആദ്യ യോഗം 1946 ഡിസംബർ 9-നാണ് നടന്നത്. ഇന്ത്യയിലെ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാതിനിധ്യം നൽകിയ ഈ സഭയിൽ 296 അംഗങ്ങൾ ബ്രിട്ടീഷ് ഇന്ത്യൻ പ്രവിശ്യകൾക്കും 93 അംഗങ്ങൾ നാട്ടുരാജ്യങ്ങൾക്കുമായി മാറ്റിവച്ചിരുന്നു. 15 വനിതകൾക്കും ഭരണഘടനാനിർമ്മാണ സഭയിൽ അംഗത്വം ലഭിച്ചിരുന്നു. അമ്മു സ്വാമിനാഥൻ, ദാക്ഷായണി വേലായുധൻ, ആനിമസ്ക്രീൻ എന്നിവരാണ് കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത വനിതകൾ. ജവഹർലാൽ നെഹ്റു, ഡോ. രാജേന്ദ്ര പ്രസാദ്, സർദാർ വല്ലഭായി പട്ടേൽ തുടങ്ങിയ വ്യക്തിത്വങ്ങൾ ഭരണഘടന നിർമ്മാണ സഭയ്ക്ക് നേതൃത്വം നൽകി. ഡോ. ബി ആർ അംബേദ്കറിന്റെ അധ്യക്ഷതയിലുള്ള കമ്മിറ്റിയാണ് ഭരണഘടനയുടെ കരട് എഴുതി തയ്യാറാക്കിയത്. അല്ലാടി കൃഷ്ണസ്വാമി അയ്യർ, എൻ ഗോപാലസ്വാമി അയ്യങ്കാർ, കെ എം മുൻഷി, ടി ടി കൃഷ്ണമാചാരി തുടങ്ങിയവർ കരട് നിർമ്മാണ കമ്മിറ്റിയിലെ

അംഗങ്ങൾ ആയിരുന്നു. ഭരണഘടന എഴുതി തയ്യാറാക്കുന്നതിന് 2 കൊല്ലവും 11 മാസവും 17 ദിവസവുമാണ് വേണ്ടിവന്നത്. ഇതിനിടയിൽ 11 പ്രാവശ്യം സഭാ സമ്മേളിക്കുകയും 165 ദിവസം പൂർണ്ണമായും ചർച്ചകൾ നടത്തുകയും ചെയ്തു. കരട് ഭരണഘടനയ്ക്ക് 315 വകുപ്പുകളും 13 പട്ടികകളും ഉണ്ടായിരുന്നു. കരട് ഭരണഘടനയ്ക്ക് 7000-ത്തിൽ പരം ഭേദഗതികൾ അവതരിപ്പിക്കാൻ നോട്ടീസ് ലഭിച്ചിരുന്നു. തികച്ചും ജനാധിപത്യപരമായ ആശയപ്രകടനത്തിന് ഭരണഘടന നിർമ്മാണസഭയിൽ അവസരം ലഭിച്ചിരുന്നു.

## ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന സവിശേഷതകൾ

ഈ ഭാഗം വിനിമയം ചെയ്യുന്നതിനായി ക്ലാസ്സിൽ ഒരു ചർച്ചയും സെമിനാറും സംഘടിപ്പിക്കേണ്ടതുണ്ട്. കുട്ടികളെ 5 ഗ്രൂപ്പുകളായി തിരിച്ച് ശേഷം ഓരോ ഗ്രൂപ്പിനും ഈരണ്ട് സവിശേഷതകൾ വീതം നൽകേണ്ടതാണ്. അധിക വായനയ്ക്കായി ചുവടെ നൽകിയിട്ടുള്ള ഭാഗം കൂടി പ്രയോജനപ്പെടുത്തുമല്ലോ. ഹാൻഡ് ബുക്കിൽ നിന്നും പകർപ്പെടുത്തോ ഐ സി ടി സാധ്യത ഉപയോഗിച്ചോ അധിക വിവരങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കുക. ചർച്ച, സെമിനാർ എന്നിവയ്ക്കൊപ്പം നിരന്തര മൂല്യനിർണയ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തുക. തുടർന്ന് ചെക്ക് ലിസ്റ്റ് പൂർത്തിയാക്കാൻ ആവശ്യപ്പെടാം.

## പാർലമെന്ററി ജനാധിപത്യ ഭരണം

ജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ ഉൾക്കൊള്ളുന്ന ജനപ്രതിനിധി സഭയാണ് പാർലമെന്റ് എന്നറിയപ്പെടുന്നത്. നിയമങ്ങൾ നിർമ്മിക്കാനുള്ള അധികാരം പാർലമെന്റിനാണ്. രാഷ്ട്രപതി, നിയമനിർമ്മാണസഭ, കാര്യ നിർവഹണ വിഭാഗം എന്നിങ്ങനെ ഇതിനു മൂന്നു ഭാഗങ്ങളുണ്ട്. പാർലമെന്ററി ജനാധിപത്യത്തിൽ കാര്യനിർവഹണ വിഭാഗം നയങ്ങളിലും പ്രവർത്തനങ്ങളിലും നിയമ നിർമ്മാണ വിഭാഗത്തോട് ഉത്തരവാദിത്വപ്പെട്ടിരിക്കും. നിയമനിർമ്മാണസഭ, കാര്യനിർവഹണ വിഭാഗം എന്നിവയുടെ ഒത്തൊരുമയാണ് പാർലമെന്ററി ജനാധിപത്യത്തിന്റെ മറ്റൊരു സവിശേഷത. ഇതിൽ കാര്യനിർവഹണ വിഭാഗത്തിലെ അംഗങ്ങൾ നിയമനിർമ്മാണസഭയിൽ നിന്നുള്ളവർ ആയിരിക്കും നിയമനിർമ്മാണ വിഭാഗം ആയിരിക്കും കാര്യ നിർവഹണ വിഭാഗത്തെ നിയന്ത്രിക്കുന്നത്. ഈ സംവിധാനത്തിൽ രാജ്യത്തലവൻ (Head of the state) രാഷ്ട്രപതി എന്നും ഭരണകൂടത്തിന്റെ തലവൻ (Head of the government) പ്രധാനമന്ത്രി എന്നും അറിയപ്പെടുന്നു. (പ്രസിഡൻഷ്യൽ ജനാധിപത്യം കൂടി പരിശോധിക്കുക)

## ജനങ്ങളുടെ പരമാധികാരം

ഭരണഘടനയുടെ ആമുഖത്തിൽ തന്നെ ജനങ്ങളുടെ പരമാധികാരം വ്യക്തമായി കുറിക്കുന്നുണ്ട്. ഒരു ജനാധിപത്യ രാജ്യത്തിൽ പരമാധികാരം ജനങ്ങൾക്കാണ് അതുകൊണ്ടുതന്നെ ഭരിക്കുന്നവരെ തിരഞ്ഞെടുക്കാനും തിരുത്താനും തൽസ്ഥാനത്തുനിന്നും മാറ്റാനും ജനങ്ങൾക്ക് അധികാരമുണ്ട്. പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലാണ് ജനപ്രതിനിധി സഭയിലേക്കും, സംസ്ഥാനത്തിലെ നിയമനിർമ്മാണ സഭകളിലേക്കും തിരഞ്ഞെടുപ്പുകൾ നടത്തേണ്ടതെന്ന് ആർട്ടിക്കിൾ 326-ൽ പ്രഖ്യാപിക്കുന്നുണ്ട്.

## മൗലികാവകാശങ്ങൾ

നമ്മുടെ ഭരണഘടനയിൽ പാർട്ട് മൂന്നിൽ 12 മുതൽ 35 വരെ അനുഛേദങ്ങളിലാണ് മൗലിക അവകാശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനെ ഇന്ത്യയുടെ 'മാഗ്നാകാർട്ട' എന്ന് വിശേഷിപ്പിക്കുന്നു. യാതൊരു വിവേചനവും ഇല്ലാതെ എല്ലാ വ്യക്തികൾക്കും ഭരണഘടന ഉറപ്പു നൽകുന്നതാണ് മൗലിക അവകാശങ്ങൾ. വ്യക്തികളുടെ അന്തസ്സ്, സമത്വം, പൊതുതാൽപര്യം, രാഷ്ട്രത്തിന്റെ ഐക്യം എന്നിവ ഉയർത്തിപ്പിടിക്കാൻ മൗലികാവകാശങ്ങൾക്കാകുന്നു. രാജ്യത്ത് സ്വേച്ഛാധിപത്യ ഭരണം ഇല്ലാതാക്കാൻ ഇത് സഹായിക്കുന്നു. ജനങ്ങളുടെ സ്വാതന്ത്ര്യവും പുരോഗതിയും മൗലികാവകാശങ്ങൾ ലക്ഷ്യം വയ്ക്കുന്നു.

## മൗലിക കർത്തവ്യങ്ങൾ

മൗലിക അവകാശങ്ങളും കർത്തവ്യങ്ങളും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്. എവിടെ അവകാശങ്ങൾ ഉണ്ടോ അവിടെ കർത്തവ്യങ്ങളുമുണ്ട്. പൗരർ രാഷ്ട്രത്തോടും സമൂഹത്തോടും പാലിക്കേണ്ട ഉത്തരവാദിത്വങ്ങളാണ് മൗലിക കർത്തവ്യങ്ങൾ. (പാഠപുസ്തകത്തിൽ നൽകിയിരിക്കുന്ന മൗലിക കർത്തവ്യങ്ങൾ ക്ലാസിൽ അവതരിപ്പിക്കാവുന്നതാണ്).

## മാർഗനിർദ്ദേശക തത്വങ്ങൾ

ഭരണഘടനയുടെ നാലാം ഭാഗത്തിൽ ഉൾക്കൊണ്ടിരിക്കുന്ന മാർഗനിർദ്ദേശങ്ങൾ രാജ്യത്തിന്റെ ഭരണത്തിന് അടിസ്ഥാനമായി ഗവൺമെന്റുകളും ഗവൺമെന്റ് ഏജൻസികളും സ്വീകരിക്കേണ്ട തത്വങ്ങൾ ആണ്. ഭരണഘടനയുടെ ആമുഖത്തിൽ പ്രതിപാദിച്ചിട്ടുള്ള സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ മഹത്തായ ആശയങ്ങൾ നേടുന്നതിന് ഇന്ത്യയിലെ ജനങ്ങളെ മാർഗനിർദ്ദേശക തത്വങ്ങൾ സഹായിക്കുന്നു. ഭരണഘടനയിൽ 36 മുതൽ 51 വരെ അനുഛേദങ്ങളിൽ ഇത് പ്രതിപാദിക്കുന്നു. ഒരു ക്ഷേമരാഷ്ട്രം എന്ന സങ്കല്പം സാക്ഷാത്കരിക്കാൻ ഇവ സഹായിക്കുന്നു.

## നിയമവാഴ്ച

ഇന്ത്യൻ ഭരണഘടനയിൽ നിയമവാഴ്ചയ്ക്ക് സുപ്രധാനമായ സ്ഥാനമാണുള്ളത്. നീതി, സമത്വം, സ്വാതന്ത്ര്യം എന്നിവയ്ക്ക് ഇത് ഊന്നൽ നൽകുന്നു. നിയമത്തിനു മുന്നിൽ എല്ലാവരും തുല്യരാണ്, നിയമം എല്ലാറ്റിനും ഉപരിയാണ്, ആരും നിയമത്തിനതീതരല്ല തുടങ്ങിയ വാചകങ്ങൾ നിയമവാഴ്ചയുടെ പ്രാധാന്യം ഉറപ്പിക്കുന്നു . അതായത് നിയമത്തിനു മുന്നിൽ തുല്യതയും നിയമത്തിന്റെ തുല്യസംരക്ഷണവും എല്ലാവർക്കും ലഭ്യമാകുന്നു എന്നർഥം.

## സാർവത്രിക പ്രായപൂർത്തി വോട്ടവകാശം

ജനാധിപത്യത്തിന്റെ അഭിഭാജ്യ ഘടകമായ തിരഞ്ഞെടുപ്പുകൾക്ക് ഏറ്റവും അനിവാര്യമായ ഒന്നാണ് സാർവത്രിക പ്രായപൂർത്തി വോട്ടവകാശം. നിശ്ചിത പ്രായം പൂർത്തിയാക്കിയ ഏതൊരാൾക്കും ഇന്ത്യയിൽ തിരഞ്ഞെടുപ്പുകളിൽ വോട്ട് ചെയ്യാൻ അവകാശമുണ്ട് എന്നാൽ ആ അവകാശം വിനിയോഗിക്കണമെങ്കിൽ വോട്ടർപട്ടികയിൽ പേര് ഉൾപ്പെട്ടിരിക്കണമെന്ന് നിർബന്ധമുണ്ട്.

## സ്വതന്ത്രവും നിഷ്പക്ഷവുമായ നീതിന്യായ വ്യവസ്ഥ

ജനാധിപത്യ സ്വാതന്ത്ര്യങ്ങൾ സംരക്ഷിക്കാൻ സ്വതന്ത്രമായ ഒരു നീതിന്യായ വ്യവസ്ഥ അനിവാര്യമാണ്. നീതിന്യായ വ്യവസ്ഥയെ പരിപൂർണ്ണമായി സ്വതന്ത്രമാക്കുന്നതിന് ലജിസ്ലേച്ചറിൽ നിന്നും എക്സിക്യൂട്ടീവിൽ നിന്നും ജുഡീഷ്യറിയെ വേർതിരിച്ച് നിർത്തുന്നതിനുള്ള അതിർവരമ്പ് സൃഷ്ടിക്കേണ്ടതുണ്ട്. ഇങ്ങനെ അതിർത്തിനിർണയം വരുത്തിയശേഷം നീതിന്യായ വ്യവസ്ഥ സ്വതന്ത്രമായി തീരാൻ സഹായകമായ സാഹചര്യങ്ങൾ സൃഷ്ടിക്കാൻ ഇന്ത്യൻ ഭരണഘടന വ്യവസ്ഥ ചെയ്യുന്നു.

## ഫെഡറലിസം

ഒരു രാജ്യത്തെ വിവിധ തലങ്ങളിലുള്ള ഗവൺമെന്റുകൾ തമ്മിൽ അധികാരം പങ്കിടുന്നതിനെയാണ് അധികാര വിഭജനം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്ത്യൻ ഭരണസംവിധാനത്തിൽ രാജ്യത്തിന്റെ അധികാരങ്ങൾ ഒരുതലത്തിൽ മാത്രം കേന്ദ്രീകരിക്കാതെ അവ കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും ഇടയിൽ വിഭജിച്ചു നൽകുന്ന സമീപനമാണുള്ളത്. അധികാര വിഭജനം പരാമർശിക്കുന്നത് ഭരണഘടനയുടെ ഏഴാം പട്ടികയിലാണ്. അധികാര വിഭജനത്തിൽ കൂടുതൽ വിഷയങ്ങളും പ്രധാന അധികാരങ്ങളും കേന്ദ്രത്തിനാണ്.ഭരണഘടന ഭേദഗതി ചെയ്യാനുള്ള അധികാരങ്ങളിലും കേന്ദ്രത്തിനാണ് മേൽക്കൈ ലഭിക്കുന്നത്. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമായി അധികാരം വിഭജിച്ചു നൽകുന്നത് യൂണിയൻ ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ് എന്നിങ്ങനെ 3 ലിസ്റ്റുകളിൽ ഉൾപ്പെടുത്തിയാണ്.

## ഏക പൗരത്വം

നമ്മുടെ ഭരണഘടന രാജ്യത്താകമാനം ഒരൊറ്റ പൗരത്വ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. അതായത് ഒരു ഇന്ത്യൻ പൗരൻ, പൗരത്വ പദവിക്കുള്ള എല്ലാ ആനുകൂല്യങ്ങളോടും പ്രത്യേക അവകാശങ്ങളോടും കൂടി രാജ്യത്തിലെ ഏതു പ്രദേശത്തും നിയമാനുസൃതമായി പൗരനായി തന്നെ അംഗീകരിക്കപ്പെടുന്നു എന്നർത്ഥം. ജന്മസിദ്ധം, പിന്തുടച്ച, രജിസ്ട്രേഷൻ, ചിരകാല അധിവാസം, പ്രദേശ സംയോജനം എന്നിങ്ങനെ അഞ്ചു തരത്തിൽ പൗരത്വത്തിന് ഭരണഘടന അനുമതി നൽകുന്നു.

*അധികവായനയ്ക്ക്:* *ഇന്ത്യൻ പോളിറ്റി-എം ലക്ഷ്മികാന്ത്*
*ഇന്ത്യൻ ഭരണഘടന-ഡോ. എം വി പൈലി*

## നിയമങ്ങളുടെ ഉറവിടം

ഈ പാഠഭാഗത്തിലൂടെ ഭരണഘടനയാണ് നമ്മുടെ രാജ്യത്തിന്റെ അടിസ്ഥാന നിയമസംഹിതയെന്നും നിയമത്തിന്റെ വ്യവസ്ഥയും സ്രോതസ്സും അതു തന്നെയാണെന്നും കുട്ടികളിൽ ഉറപ്പിക്കേണ്ടതുണ്ട്.

കൊളാഷിൽ നൽകിയിട്ടുള്ള എല്ലാ നിയമങ്ങളും ഭരണഘടനയ്ക്ക് അനുസൃതമായി മാത്രം നിർമ്മിക്കപ്പെട്ടവയാണെന്നും ക്ലാസിൽ സമർത്ഥിക്കേണ്ടതാണ്. ഈ നിയമങ്ങളുടെ കൂടുതൽ വിവരങ്ങൾ പ്രസന്റേഷനായി അവതരിപ്പിക്കാവുന്നതാണ്. കൊളാഷിൽ നിന്നും കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട വ്യത്യസ്ത നിയമങ്ങൾ പട്ടികപ്പെടുത്താൻ ആവശ്യപ്പെടാം.

## ബാലാവകാശ നിയമങ്ങൾ

- ബാലവേല നിരോധന നിയമം
- ബാല നീതി നിയമം
- വിദ്യാഭ്യാസ അവകാശ നിയമം

കുട്ടികളുടെ അവകാശങ്ങൾക്ക് നമ്മുടെ രാജ്യം വലിയ പ്രാധാന്യം നൽകുന്നത് എന്തുകൊണ്ടായിരിക്കും എന്ന് വിഷയത്തിൽ മേലുള്ള ചർച്ചയ്ക്ക് ചുവടെ കൊടുത്തിട്ടുള്ള അധിക വായനാസമഗ്രി ഉപയോഗപ്പെടുത്തുമല്ലോ.

ഒന്നാം ലോകമഹായുദ്ധത്തെ തുടർന്നാണ് കുട്ടികളുടെ സംരക്ഷണവും സുരക്ഷയും അനിവാര്യമായ വിഷയമാണെന്ന് ലോകരാജ്യങ്ങൾക്ക് ബോധ്യമായത്. അങ്ങനെയാണ് 1924 ലീഗ് ഓഫ് നേഷൻസ് 'ജനീവ ഡിക്ലറേഷൻ ഓഫ് ചൈൽഡ്' പ്രഖ്യാപിക്കുന്നത്. തുടർന്ന് 1948 ഡിസംബർ 10-ന് നടന്ന യൂണിവേഴ്സൽ ഡിക്ലറേഷൻ ഓഫ് ഹ്യൂമൻ റൈറ്റ്സിലും കുട്ടികൾക്ക് പ്രത്യേക പരിഗണന ഉറപ്പുവരുത്തി. ശേഷം 1959 ഡിസംബർ പത്തിന് ഡിക്ലറേഷൻ ഓഫ് ചൈൽഡ് പ്രഖ്യാപിക്കുകയും ഇതിലൂടെ കുട്ടികളുടെ ആരോഗ്യം, ഭക്ഷണം, വിദ്യാഭ്യാസം, വിനോദം, തുല്യത എന്നിവയ്ക്കുള്ള അവകാശവും അക്രമം, വിവേചനം, അവഗണന എന്നിവയിൽ നിന്നുള്ള പരിരക്ഷണവും ഉറപ്പുവരുത്തി. ഒടുവിൽ 1989 നവംബർ 20ന് ചരിത്രപ്രസിദ്ധമായ 'കുട്ടികൾക്കായുള്ള അവകാശ ഉടമ്പടി' ഐക്യരാഷ്ട്രസഭ ഒപ്പുവെച്ചു. 2002-ൽ യു എൻ 'കുട്ടികൾക്കിണങ്ങുന്ന ലോകം' എന്ന പ്രഖ്യാപനം കൂടി നടത്തുകയും ചെയ്തതിലൂടെ ലോകത്താകമാനം കുട്ടികളുടെ അവകാശങ്ങൾക്ക് പ്രാമുഖ്യം കല്പിക്കപ്പെട്ടു

1948 ലെ 'യൂണിവേഴ്സൽ ഡിക്ലറേഷൻ ഓഫ് ചൈൽഡ്' ചുവട് പിടിച്ച് നമ്മുടെ ഭരണഘടനയിലും കുട്ടികളുടെ അവകാശങ്ങൾക്ക് കാര്യമായ പരിഗണനയാണ് നൽകിയത്. ഭരണഘടനയിലെ നിരവധി അനുഛേദങ്ങൾ കുട്ടികളുടെ സംരക്ഷിത ബാല്യം ഉറപ്പുവരുത്തുന്നു. കൂടാതെ കുട്ടികൾ നമ്മുടെ രാഷ്ട്രത്തിന്റെ അമൂല്യ സമ്പത്താണെന്ന് പ്രഖ്യാപിച്ചുകൊണ്ട് 1974 ഓഗസ്റ്റിൽ നമ്മുടെ രാജ്യം കുട്ടികൾക്കായുള്ള ദേശീയ നയം പ്രഖ്യാപിച്ചു. 1989-ലെ യു എൻ ഉടമ്പടി പ്രകാരം 1992 സെപ്റ്റംബറിന് ഇന്ത്യയും ഉടമ്പടിയിൽ ഒപ്പുവച്ചു. 2002-ലെ കുട്ടികൾക്കിണങ്ങുന്ന ലോകം എന്ന യു എൻ ഉടമ്പടി പ്രഖ്യാപനത്തിനുശേഷം 2004 ഫെബ്രുവരി 9 കുട്ടികൾക്കായുള്ള ദേശീയ ചാർട്ടർ ഇന്ത്യ പ്രസിദ്ധീകരിക്കുകയും ഓരോ കുട്ടിക്കും ജന്മസിദ്ധമായ അവകാശം സന്തോഷത്തോടെയും ആരോഗ്യത്തോടെയും അനുഭവവേദ്യമാക്കുകയാണ് ഈ ചാർട്ടറിന്റെ ലക്ഷ്യമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. 2005-ൽ ഇന്ത്യയിൽ ബാലാവകാശ കമ്മീഷൻ ആക്ടും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ആക്ടും (2013 ജൂൺ 3) നിലവിൽ വന്നത് ബാലാവകാശം ഉറപ്പുവരുത്തുന്നതിൽ കേരളം ഏറെ മുൻപന്തിയിലാകുന്നതിന് നമ്മെ സഹായിച്ചു. ഇവയ്ക്കെല്ലാം പുറമേ അസംഖ്യം നിയമങ്ങളും കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി പ്രവർത്തിക്കുന്നു.

## ചർച്ചാ സൂചകങ്ങൾ

- രാജ്യത്തിന്റെ ഭാവി കുട്ടികളുടെ കൈകളിലാണ്
- കുട്ടികളുടെ സമഗ്ര വികസനത്തിലൂടെ മാത്രമേ രാഷ്ടത്തിന് പുരോഗതി സാധ്യമാകൂ.

## പോക്സോ ആക്ട് 2012

കൗമാരപ്രായക്കാരായ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അധ്യാപകരായ നമ്മൾ ഈ ഭാഗം സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതാണ്. ലൈംഗിക അതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കേണ്ടത് ഓരോ വ്യക്തിയുടെയും കടമയാണ്. സമൂഹം ഒന്നടങ്കം ഈ കർത്തവ്യബോധം ഉൾക്കൊണ്ടാൽ മാത്രമേ അതിക്രമങ്ങൾക്കെതിരെ ഫലപ്രദമായ പ്രതിരോധം സൃഷ്ടിക്കാൻ നമുക്ക് കഴിയുകയുള്ളൂ.

പാഠപുസ്തകത്തിൽ പേജ് നമ്പർ 47-ൽ നൽകിയിരിക്കുന്ന പോക്സോയുമായി ബന്ധപ്പെട്ട ഭാഗം വായിച്ചതിനുശേഷം അതിലെ പ്രധാനപ്പെട്ട പോയിന്റുകൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ആശയപടം നിർമ്മിക്കാൻ കുട്ടികളെ സഹായിക്കുന്നു.




നമ്മുടെ സമൂഹത്തിൽ ഏറ്റവും കൂടുതൽ ലൈംഗിക കുറ്റകൃത്യങ്ങൾക്ക് വിധേയരാകുന്നത് കുട്ടികളാണ്. കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമം, ലൈംഗിക പീഡനം, കുട്ടികളെ അശ്ലീല ചിത്രങ്ങൾ കാണിക്കൽ, അവരെ ഉപയോഗിച്ച് അശ്ലീല ചിത്രങ്ങൾ എടുക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുക, അത്തരം കുറ്റകൃത്യങ്ങളുടെ

വിചാരണയ്ക്കായി പ്രത്യേക കോടതികൾ സ്ഥാപിക്കുക, പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുക, കേസ് അന്വേഷണവും വിചാരണയും ബാലസൗഹാർദ്ദപരമാക്കുക, കുട്ടികളുടെ പുനരധിവാസം, മാനസിക ആരോഗ്യം, സാമൂഹിക വികസനത്തിനുവേണ്ടി ഉത്തമ താൽപര്യം മുൻനിർത്തി നടപടികൾ സ്വീകരിക്കുക എന്നിവയാണ് ഈ നിയമത്തിന്റെ ലക്ഷ്യം. കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കുക എന്നതിനൊപ്പം കുറ്റകൃത്യങ്ങൾക്ക് വിധേയരായവർക്ക് നഷ്ടപരിഹാരം ഉറപ്പാക്കുക എന്നതും പ്രസ്തുത നിയമത്തിൽ വിവരിക്കുന്നു.

## ലഘുലേഖ തയ്യാറാക്കാം

കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച ശേഷം പോക്സോ കുറ്റകൃത്യങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനാവശ്യമായ ലഘുലേഖകൾ തയ്യാറാക്കാൻ വേണ്ട നിർദേശങ്ങൾ നൽകുന്നു. ആവശ്യമായ സൂചനകളും ചിത്രങ്ങളും ചേർത്ത് നിർമ്മിച്ച ഒരു ലഘുലേഖ മാതൃകയായി ടീച്ചർക്ക് ക്ലാസിൽ പ്രദർശിപ്പിക്കാവുന്നതാണ്. താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ ലഘുലേഖയിൽ ഉൾപ്പെടുത്താവുന്നതാണ്.

ലഹരി വസ്തുക്കളെ അകറ്റിനിർത്തുക.

മാതാപിതാക്കളോട് എല്ലാ വിവരങ്ങളും തുറന്നു പറയുക.

കുടുംബത്തിൽ സൗഹൃദാന്തരീക്ഷം ഉണ്ടാക്കാൻ മുൻകൈയെടുക്കുക. സ്കൂളിൽ നിന്നുണ്ടാകുന്ന ബുദ്ധിമുട്ടുകൾ അധ്യാപകരോട് തുറന്നുപറയുക.

ബുദ്ധിമുട്ട് ഉണ്ടാകുന്ന സാഹചര്യങ്ങളിൽ ഒറ്റപ്പെട്ടുപോകുന്നുവെങ്കിൽ ധൈര്യത്തോടെ പെരുമാറുക.

മറ്റുള്ളവരുടെ ഭീഷണികളിൽ വീണു പോകാതിരിക്കുക.

രക്ഷിതാക്കൾ, അധ്യാപകർ തുടങ്ങിയവരുടെ ഫോൺ നമ്പർ മനപ്പാഠമാക്കുക.

പരിചിതമല്ലാത്ത വാഹനങ്ങൾക്ക് കൈ കാണിക്കുകയോ അതിൽ കയറുകയോ ചെയ്യാതിരിക്കുക.

ഇഷ്ടമില്ലാത്ത തരത്തിലുള്ള നോട്ടം, സ്പർശം, പ്രവൃത്തി എന്നിവ ശക്തമായി പ്രതിരോധിക്കുക.

കുട്ടികൾ നിർമ്മിച്ച ലഘുലേഖകൾ സ്കൂൾ അസംബ്ലിയിൽ പ്രകാശനം ചെയ്യട്ടെ. തുടർന്ന് സ്കൂളിൽ വിതരണം ചെയ്യാം. മികച്ച രീതിയിൽ തയ്യാറാക്കുന്നവർക്ക് അനുമോദനവുമാകാം. ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന്റെ ഭാഗമായും ഈ പ്രവർത്തനം ഉപയോഗിക്കാവുന്നതാണ്.

'കുട്ടികളുടെ സുരക്ഷയും പോക്സോ നിയമവും' എന്ന വിഷയത്തിൽ നിയമ വിദഗ്ധരുടെ സഹായത്തോടെ സ്കൂളിൽ ബോധവത്ക്കരണ പരിപാടി സംഘടിപ്പിക്കുന്നതിനാവശ്യമായ ചോദ്യാവലി ടീച്ചറുടെ നേതൃത്വത്തിൽ തയ്യാറാക്കേണ്ടതാണ്.

*അധികവായനയ്ക്ക്: കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ കൈപുസ്തകം 2022*

## ഭരണഘടനയുടെ ധർമ്മങ്ങൾ

ഭരണഘടനയുടെ മുഖ്യ സവിശേഷതകൾക്കപ്പുറം ധർമ്മങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കാൻ സഹായിക്കുന്ന പ്രവർത്തനമാണിത്. ഇതിനായി ഭരണഘടനയിലെ ആമുഖം, അധികാര വിഭജനം, നീതിന്യായ പുനരവലോകനം, മൗലിക അവകാശങ്ങൾ, മൗലിക കർത്തവ്യങ്ങൾ എന്നിവ അധ്യാപിക കാര്യമായി വിശകലനം ചെയ്യേണ്ടതുണ്ട്.




കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ചശേഷം ഓരോ ഗ്രൂപ്പിനും ഭരണഘടനയുടെ ആമുഖം, അധികരം വേർതിരിക്കൽ, അധികാരവിഭജനം, നീതിന്യായ പുനരവലോകനം എന്നീ കുറിപ്പുകൾ നൽകുന്നു. കുട്ടികൾ അവ ചർച്ച ചെയ്ത് ആശയങ്ങൾ ക്രോഡീകരിച്ച് അവതരിപ്പിക്കുന്നു. ശേഷം പാഠഭാഗത്തെ ആശയവൃക്ഷത്തിൽ നൽകിയിട്ടുള്ള ആശയങ്ങളുടെ സ്ക്രിപ്പ് നൽകുന്നു. അവ തമ്മിൽ താരതമ്യം ചെയ്ത് ചേരുന്നവ കണ്ടെത്തി ക്ലാസ് മുറിയിൽ ക്രമീകരിച്ചിരിക്കുന്ന

ചാർട്ടിൽ ഒട്ടിക്കുക. ഉദാഹരണം രാജ്യത്തിന്റെ അടിസ്ഥാന മൂല്യങ്ങളും ദർശനങ്ങളും നിർവചിക്കുന്നു-ഭരണഘടനയുടെ ആമുഖം.

## ആമുഖം

ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ പ്രകടിപ്പിച്ചിട്ടുള്ള ആശയങ്ങൾ ഭരണഘടന നിർമ്മാണ സഭയുടെ ആദ്യ സമ്മേളനത്തിൽ ജവഹർലാൽ നെഹ്റു അവതരിപ്പിച്ചതും പിന്നീട് അംഗീകരിച്ചതുമായ ലക്ഷ്യപ്രഖ്യാപന പ്രമേയത്തിൽ ഉൾപ്പെട്ടിരുന്നു. ഭരണഘടനയുടെ ഏറ്റവും വിലയേറിയ ഭാഗം, ഭരണഘടനയുടെ ആത്മാവ്, താക്കോൽ എന്നിങ്ങനെ നിരവധി വിശേഷണങ്ങളാണ് ഭരണഘടനയുടെ ആമുഖത്തിന് നൽകപ്പെട്ടിട്ടുള്ളത്. ഇന്ത്യയെ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്കായി സംഘടിപ്പിക്കുന്നതിനുള്ള ഇന്ത്യയിലെ ജനങ്ങളുടെ ഉറച്ച തീരുമാനത്തെ ഭരണഘടനയുടെ ആമുഖം വിളംബരം ചെയ്യുന്നു. ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ലക്ഷ്യങ്ങളായ നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ ആമുഖത്തിൽ നിർവചിക്കുന്നു.

## അധികാര വിഭജനം

ഫെഡറലിസം പേജ് നമ്പർ 41 പരിശോധിക്കുക.

## അധികാരം വേർതിരിക്കൽ

നമ്മുടെ ഭരണഘടനയിൽ ഭരണകൂടത്തിന്റെ 3 ഘടകങ്ങളായ നിയമനിർമ്മാണ സഭ കാര്യനിർവഹണ വിഭാഗം നീതിന്യായ വിഭാഗം എന്നിവയുടെ സ്ഥാനവും അധികാരവും നിർവചിക്കുന്നുണ്ട്. ഇന്ത്യൻ ഭരണ സംവിധാനത്തിൽ അധികാരം നിയമനിർമ്മാണസഭ, കാര്യനിർവഹണ വിഭാഗം, നീതിന്യായ വിഭാഗം ഇവയിൽ ഏതെങ്കിലും ഒന്നിൽ കേന്ദ്രീകരിക്കുന്നത് തടയുന്നതിനും ജനാധിപത്യത്തെ പിന്തള്ളി ഏകാധിപത്യം കടന്നുവരാതിരിക്കുവാനും ഭരണഘടന ശ്രദ്ധിച്ചിട്ടുണ്ട്. രാജ്യത്തിന് ആവശ്യമായ നിയമങ്ങൾ നിർമ്മിക്കുക എന്നുള്ളത് നിയമനിർമ്മാണ സഭയുടെ പ്രധാനപ്പെട്ട ചുമതലയാണ്. നിയമങ്ങളുടെയും നയങ്ങളുടെയും നടപ്പിലാക്കൽ, ഭരണ നിർവഹണം എന്നീ ചുമതലകൾ നിർവഹിക്കുന്ന ഗവൺമെന്റിന്റെ വിഭാഗമാണ് കാര്യനിർവഹണ വിഭാഗം. നിയമനിർമ്മാണ കാര്യനിർവഹണ വിഭാഗങ്ങൾ ഭരണഘടനാനുസൃതമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്ന സംവിധാനമാണ് നീതിന്യായ വിഭാഗം.

## നീതിന്യായ പുനരവലോകനം

പാർലമെന്റ് പാസാക്കുന്ന നിയമങ്ങളുടെയും കാര്യനിർവഹണ വിഭാഗം പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും ഭരണഘടന സാധുത പരിശോധിക്കുവാനും ഭരണഘടനയുടെ വാക്കുകൾക്കോ അർത്ഥത്തിനോ വിരുദ്ധമാണെന്ന് ബോധ്യമായാൽ അവയെ റദ്ദാക്കാനുമുള്ള സുപ്രീം കോടതിയുടെ അധികാരമാണ് നീതിന്യായ പുനരവലോകന അധികാരം.

*അധികവായനക്ക്: ഇന്ത്യൻ പോളിറ്റി-എം ലക്ഷ്മികാന്ത്*

## പ്ലക്കാർഡിൽ എഴുതാം

ഭരണഘടനാ ധർമ്മങ്ങൾ പ്രതിഫലിപ്പിക്കുന്ന വാചകങ്ങൾ എഴുതാൻ കുട്ടികളെ സഹായിക്കുമല്ലോ. ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന്റെ (Inclusive Education) ഭാഗമായും ഈ പ്രവർത്തനത്തെ ഉപയോഗപ്പെടുത്താവുന്നതാണ്  ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.







## മാറ്റിയും തിരുത്തിയും മുന്നോട്ട്

നമ്മുടെ ഭരണഘടന ഒരു സജീവ രേഖയായി മാറുന്നതിന് ഭരണഘടനാഭേദഗതി എത്രത്തോളം സഹായകമാണെന്ന് ഈ പാഠഭാഗത്തിൽ നിന്നും കുട്ടികൾക്ക് ബോധ്യപ്പെടണം. പാഠപുസ്തകം പേജ് നമ്പർ 50-ൽ നൽകിയിരിക്കുന്ന ചിത്രം പരിശോധിച്ച് ചെക്ക് ലിസ്റ്റ് പൂർത്തീകരിക്കാൻ കുട്ടികളോട് ആവശ്യപ്പെടാം. തുടർന്ന് എന്താണ് ഭരണഘടന ഭേദഗതി എന്ന കുറിപ്പു തയ്യാറാക്കി അത് വിലയിരുത്തലിനും വിധേയമാക്കാം.

ഭരണഘടന ഭേദഗതികളുടെ ടൈംലൈൻ ക്ലാസിൽ പ്രദർശിപ്പിക്കാം. ഭരണഘടന ഭേദഗതി ചെയ്യുന്നതിന്റെ ആവശ്യകതയെ കുറിച്ച് ലഘു ചർച്ചയും ആവാം. എന്നാൽ ഭരണഘടനയുടെ അടിസ്ഥാന ഘടനയിൽ മാറ്റം വരുത്താൻ പാടില്ല എന്ന ആശയം കുട്ടികളിൽ ഉറപ്പിക്കേണ്ടതാണ്.

## നിയമങ്ങൾ നടപ്പാക്കുമ്പോൾ

നിയമങ്ങൾ നടപ്പാക്കുന്നതിൽ നേരിടുന്ന വെല്ലുവിളികളെ കുറിച്ചുള്ള കൊളാഷ് ക്ലാസിൽ പ്രദർശിപ്പിക്കുക. തുടർന്ന് നിയമങ്ങൾ നടപ്പിലാക്കുമ്പോൾ നേരിടുന്ന വിവിധതരം വെല്ലുവിളികളുടെ കാരണങ്ങൾ ക്ലാസിൽ ചർച്ച ചെയ്യുക.

- നിയമങ്ങൾ നടപ്പാക്കുന്നതിലെ അനാസ്ഥ.
- നിയമങ്ങൾ ദുർവ്യാഖ്യാനം ചെയ്യൽ.

ഇന്ത്യയെപ്പോലെ വൈപുല്യവും വൈവിധ്യവുമുള്ള രാജ്യത്ത് ജനാധിപത്യം പ്രാവർത്തികമാക്കാൻ ഏറെ വെല്ലുവിളികൾ നേരിടേണ്ടതുണ്ട്. എന്നാൽ ജനാധിപത്യത്തിന്റെ സംസ്ഥാപനത്തിനായി ഭരണഘടന മൂല്യങ്ങൾ തിരിച്ചറിയുവാനും അവ ഉൾക്കൊള്ളുവാനും തയ്യാറാകുന്ന ഒരു പൗര സമൂഹത്തെ സൃഷ്ടിക്കാനായി വിദ്യാർഥികളെ ഭരണഘടന പഠനത്തിൽ ഉത്സുകരാക്കേണ്ടത് ഓരോ അധ്യാപകരുടെയും ധർമ്മമാണ്. നിയമങ്ങൾ പാലിക്കപ്പെടേണ്ട അനിവാര്യത കുട്ടികളെ ബോധ്യപ്പെടുത്തുവാനും നിയമങ്ങൾ ലംഘിക്കപ്പെടുന്നതിന് സാക്ഷികൾ ആകുമ്പോൾ കുട്ടികൾ സ്വീകരിക്കേണ്ട നിലപാടുകൾ എന്താണെന്നതും ഇവിടെ ചർച്ച നടത്തി ക്രോഡീകരിക്കേണ്ടതാണ്. കുട്ടികളെ സാമൂഹ്യ പരിഷ്കരണത്തിന്റെ ചാലക ശക്തികളാക്കി മാറ്റുക എന്നത് വിമർശനാത്മക ബോധനശാസ്ത്രത്തിന്റെ ലക്ഷ്യങ്ങളിൽ പെടുന്നതാണെന്ന് ഓർമ്മിക്കുമല്ലോ.

## സാമൂഹ്യശാസ്ത്ര നിരീക്ഷണ പുസ്തകം

സ്വാതന്ത്ര്യസമര സേനാനികളുടെ ചിത്രങ്ങൾ, പ്രധാന സംഭവങ്ങൾ എന്നിവയുടെ ചിത്രങ്ങൾ ഉൾപ്പെടുത്താവുന്നതാണ്

ഭരണഘടന, നിയമങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ശേഖരിച്ച് നിരീക്ഷണ പുസ്തകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്

നിയമങ്ങൾ നടപ്പാക്കുന്നതിൽ നാം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ കുട്ടികൾക്ക് അവരുടെ നിരീക്ഷണങ്ങൾ രേഖപ്പെടുത്താൻ അവസരം നൽകേണ്ടതാണ്.. ഈ രേഖകൾ നിരന്തര മൂല്യനിർണയത്തിന് വിധേയമാക്കാവുന്നതാണ്

## തുടർപ്രവർത്തനങ്ങൾ

തുടർപ്രവർത്തനങ്ങളിൽ ചിലത് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഭാഗങ്ങളിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അവ ശ്രദ്ധിക്കുമല്ലോ, കൂടാതെ നിയമങ്ങളുമായി ബന്ധപ്പെട്ട വാർത്ത തലക്കെട്ടുകളും ചിത്രങ്ങളും ശേഖരിച്ച് കൊളാഷ് തയ്യാറാക്കാൻ കുട്ടികളെ സഹായിക്കാം.

- ഇന്ത്യൻ ഭരണഘടനയിലെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസിനായി ഒരു ഭരണഘടന തയ്യാറാക്കാൻ കുട്ടികളെ സഹായിക്കാവുന്നതാണ്. ഇവിടെ പരമാധികാരം, മൗലിക അവകാശങ്ങൾ, മൗലിക കർത്തവ്യങ്ങൾ, നിയമവാഴ്ച, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിആശയങ്ങൾക്ക് മുൻതൂക്കം കൊടുക്കാൻ ശ്രദ്ധിക്കുമല്ലോ.
- 'കുട്ടികളുടെ സുരക്ഷയും പോക്സോ നിയമവും' എന്ന വിഷയത്തിൽ നിയമവിദഗ്ധരുടെ സഹായത്തോടെ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുക.